I +.

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61 29.06.2011-ൽ മറുപടിയ്ക്ക്

സംസ്ഥാനത്തെ വൻകിട ജലസേചന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ

ചോദ്യം

ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ.കുഞ്ഞിരാമൻ ( തൃക്കരിപ്പൂർ) :
ശ്രീ. വി.ചെന്താമരാക്ഷൻ :
ശ്രീ. സാജു പോൾ

ഉത്തരം

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പുമന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തെ വൻകിട ജലസേചന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വൻകിട പദ്ധതികൾ ഓരോന്നിന്റേയും ഇപ്പോഴത്തെ നിർമ്മാണ ഘട്ടം വിശദമാക്കുമോ; | എ) വകുപ്പ് തലത്തിലും സംസ്ഥാനതലത്തിലും അവലോകനം നടത്താറുണ്ട്. ഇടമലയാർ, മൂവാറ്റുപുഴ എന്നീ വൻകിട ജലസേചന പദ്ധതികളുടെ ഇപ്പോഴത്തെ നിർമ്മാണഘട്ടം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. മലമ്പുഴ, കുറ്റ്യാടി, ചിറ്റൂർ എന്നീ വൻകിട ജലസേചന പദ്ധതികൾ പൂർണ്ണമായും പൂർത്തീകരിച്ചു കഴിഞ്ഞു. പഴശ്ശി ജലസേചന പദ്ധതി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. കുരിയാർകുറ്റി- കാരാപ്പാറ ജലസേചന പദ്ധതി മുടങ്ങിക്കിടക്കുകയാണ്. |
| ബി) ഇവയുടെ നടത്തിപ്പ് ത്വരിതവൽക്കരിക്കുന്നതിന് ഇതിനകം സർക്കാർ പരിഗണിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ; | ബി) ഇടമലയാർ, മൂവാറ്റുപുഴ എന്നീ വൻകിട ജലസേചന പദ്ധതികളുടെ ശേഷിക്കുന്ന സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് പദ്ധതി നടത്തിപ്പ് ത്വരിതവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കുരിയാർകുറ്റി- കാരാപ്പാറ പദ്ധതി പുനരാരംഭിക്കുന്നതിനുള്ള പഠനം നടത്താനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| സി) നിലവിലുള്ള വൻകിട പദ്ധതികൾ തുടങ്ങിയ വർഷവും അന്നത്തെ അടങ്കൽ തുകയും പുതുക്കിയ അടങ്കൽ തുകയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സി) വിശദാംശങ്ങൾ അനുബന്ധം- II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

### ഇടമലയാർ ജലസേചന പദ്ധതിയുടെ ഇപ്പോഴത്തെ നിർമ്മാണഘട്ടം

| കനാലിന്റെ പേര് | ആകെ നീളം<br>കി.മീറ്റർ | നിർമ്മാണം തീർന്നത്<br>കി.മീറ്റർ | നിർമ്മാണം തുടരുന്നത്<br>കി.മീറ്റർ | നിർമ്മാണം ആരംഭിക്കാനുള്ളത്<br>കി.മീറ്റർ |
|---|---|---|---|---|
| മെയിൻ കനാൽ | 32.278 | 27.488 | 4.790 | -- |
| ലോലെവൽ കനാൽ | 27.25 | 12.269 | 0.000 | 14.981 |
| ലിങ്ക് കനാൽ | 7.580 | 2.793 | 0.040 | 4.747 |

### മുവാറ്റുപുഴ ജലസേചന പദ്ധതിയുടെ നിർമ്മാണഘട്ടം

| കനാൽ | ആകെ നീളം ( കി.മീ) | പണിപൂർത്തിയായ നീളം ( കി.മീ) | പണി പുരോഗമിക്കുന്നത്(കി.മീ) | പണി ആരംഭിക്കുവാനുള്ളത് (കി.മീ) |
|---|---|---|---|---|
| ഇടതുകരയും വലതുകരയും മുഖ്യകനാൽ | 65.437 | 65.437 | -- | -- |
| ബ്രാഞ്ചു കനാലുകൾ | 57.154 | 50.307 | 6.437 | 0.41 |
| ഡിസ്ട്രിബ്യൂട്ടറികൾ | 245.692 | 177.770 | 18.918 | 49.004 |

## അനുബന്ധം - II

| പദ്ധതിയുടെ പേര് | പദ്ധതി തുടങ്ങിയ വർഷം | അന്നത്തെ അടങ്കൽ തുക | പുതുക്കിയ അടങ്കൽ തുക |
|---|---|---|---|
| മൂവാറ്റുപുഴ | 1974 | 20.86 ലക്ഷം | 876 കോടി |
| ഇടമലയാർ | 1981 | 17.85 കോടി | 600 കോടി |
| മലമ്പുഴ | 1949 | 380 ലക്ഷം | 580 ലക്ഷം |
| കുറ്റ്യാടി | 1962 | 496.04 ലക്ഷം | 7000 ലക്ഷം |
| ചിറ്റൂർ | 1963 | 105.63 ലക്ഷം | 2270 ലക്ഷം |
| പഴശ്ശി | 1961 | 365 ലക്ഷം | 12000 ലക്ഷം |
| കുരിയാർകുറ്റി-കാരാപ്പാറ | 1978 | 1036 ലക്ഷം | 19700 ലക്ഷം |

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 62 — 29-06-2011-ൽ മറുപടിയ്ക്ക്

## സമകാലിക യുവത്വം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക:<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>ശ്രീ. റ്റി.വി. രാജേഷ്:<br>ശ്രീ. ജെയിംസ് മാത്യു: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)) |
| (എ) കേരളത്തിലെ യുവജന സമൂഹം ഇന്നനുഭവിക്കുന്ന പ്രമുഖ പ്രശ്നങ്ങൾ എന്തൊക്കെ യാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതു സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നിരുന്നാലും താഴെപറയുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. തൊഴിലില്ലായ്മ, ഉന്നതവിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനുമുള്ള അവസരങ്ങളുടെ കുറവ്, തൊഴിൽ സുരക്ഷിതത്വം ഇല്ലായ്മ, തൊഴിൽ മേഖലയിലുള്ള യുവതികൾക്ക് വേണ്ടുന്ന അത്യാവശ്യ സൗകര്യങ്ങളുടെ അഭാവം, മദ്യം, മയക്കുമരുന്ന്, തീവ്രവാദം, സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തുടങ്ങിയ സാമൂഹ്യ വിപത്തുകളിൽ അകപ്പെടുക, വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ, വിവിധ മേഖലകളിലെ പ്രാതിനിധ്യകുറവ് തുടങ്ങിയവ. |

(ബി)

യുവജനങ്ങളുടെ ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ട ചെലവ്, തൊഴിൽ, വരുമാനമൂല്യം, സാമൂഹ്യപ്രതിബദ്ധത എന്നിവ പൊതുവിൽ അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് വിശദമാക്കാമോ;

(ബി)

ഇപ്പോൾ ഇല്ല. എന്നാൽ ഇതു സംബന്ധിച്ച് ഒരു സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(സി)

സമകാലിക യുവത്വം നേരിടുന്ന പ്രശ്നങ്ങൾക്ക് ഏതെല്ലാം നിലയിലുള്ള പരിഹാര നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി)

ഇതിനായി യുവജനക്ഷേമ ബോർഡ് മുഖേന പല പദ്ധതികൾ ആവിഷ്ക്കരിച്ച് ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളുടെ ക്രിയാത്മകശേഷി സമൂഹത്തിന് ഉതകുന്ന രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പരിപാടികളാണ് - യുവശക്തി, സാഹസിക പ്രവർത്തനങ്ങൾ, യുവജനനേതൃത്വ ക്യാമ്പ്, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, നാടൻ കലാപരിശീലനം, കേരളോത്സവം, യുവകർമ്മസേന എന്നിവ. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ പദ്ധതികൾ, തൊഴിൽ മേളകൾ, ബോട്ട് ക്രൂ പരിശീലനം, ജാലകം എന്ന തൊഴിലധിഷ്ഠിത വെബ്സൈറ്റ് രൂപീകരണം, വിദേശത്ത് ജോലി നേടാൻ ആഗ്രഹിക്കുന്ന യുവാക്കൾക്കായി പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ മദ്യം, മയക്കുമരുന്ന്,

തീവ്രവാദം എന്നിവയ്ക്കെതിരായി വിവിധ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ഡി) യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ ഈ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ?

(ഡി) യുവജനങ്ങളുടെ ക്ഷേമത്തിനായി ഏതാനും പദ്ധതികൾ നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സർക്കാരിന്റെ 100 ദിവസത്തെ കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വിവിധമേഖലകളിലെ പൊതുമേഖല- സ്വകാര്യ കമ്പനികളുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, എറണാകുളം,കോഴിക്കോട് ജില്ലകളിലായി മൂന്ന് ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കും.

2. സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമ രംഗത്തെ ആധുനിക പ്രവണതകൾ എന്നിവ സംബന്ധിച്ച് യുവമാധ്യമ ക്യാമ്പ് സംഘടിപ്പിക്കും.

3. യുവാക്കളുടെ സേവനസന്നദ്ധത, ഊർജ്ജസ്വലത, കർമ്മശേഷി എന്നിവ പ്രയോജനപ്പെടുത്തുന്നതിന് യുവകർമ്മ സേനകൾ രൂപീകരിക്കുന്നതിനും, ദുരന്ത നിവാരണം, സന്നദ്ധ പ്രവർത്തനങ്ങൾ,

റോഡ് സുരക്ഷ, പ്രാഥമിക ശുശ്രൂഷ തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകുന്നതിന് രണ്ട് മേഖലാ ക്യാമ്പുകൾ സംഘടിപ്പിക്കും.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 63 — 29.6.2011 -ൽ മറുപടിക്ക്

## സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ:<br>" പി.സി.ജോർജ്:<br>" റോഷി അഗസ്റ്റിൻ: | അഡ്വ. അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വ്യാപനം തടയുന്നതിനാവശ്യമായ മുൻകരുതലുകൾ എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ. | (എ) ഇല്ല. എന്നാൽ സാംക്രമിക രോഗങ്ങൾ പടർന്ന് പിടിക്കുവാതിരിക്കാനും അവയെ ഫലപ്രദമായി നിയന്ത്രിക്കുവാനും ആവശ്യമായ എല്ലാ നടപടികളും സംസ്ഥാന ആരോഗ്യ വകുപ്പ് ഇതിനകം തന്നെ എടുത്തിട്ടുണ്ട്. ഇതിന് പുറമേ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും പഞ്ചായത്ത്തലങ്ങളിലും വിവിധ വകുപ്പുകളുടേയും ആരോഗ്യ പ്രവർത്തകരുടേയും ജനനേതാക്കളുടേയും സംയുക്ത യോഗം കൂടുകയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജനം കൊതുക്, കൂത്താടി ഉറവിട നശീകരണം, ഓട വൃത്തിയാക്കൽ, ആരോഗ്യ ബോധവല്കരണം എന്നിവ പല സ്ഥലങ്ങളിലും നടന്നുവരുന്നു. ഇതിനോടൊപ്പം രോഗമുള്ളവരെ തുടക്കത്തിലെ കണ്ടുപിടിക്കുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനും വേണ്ട സംവിധാനങ്ങൾ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) അസ്വാഭാവികമായ രീതിയിൽ ഏതെങ്കിലും രോഗങ്ങൾ പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി)അസ്വാഭാവികമായ രീതിയിൽ രോഗങ്ങൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഡെങ്കിപ്പനി രക്തസ്രാവത്തോടുകൂടിയ രീതിയിൽ ഉണ്ടാകാനുള്ള ഒരു സാദ്ധ്യതയുണ്ട്. ഇത് നേരത്തെ അറിയുന്നതിനായി ആവശ്യമായ രക്ത പരിശോധന നടത്തുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ ആരോഗ്യ പ്രവർത്തകർക്ക് നൽകിയിട്ടുണ്ട്. കോട്ടയത്ത് അസ്വാഭാവികമായ ഒരു മരണം നടന്നതായി ശ്രദ്ധയിൽപ്പെട്ടെങ്കിലും വിദഗ്ധരും ചികിത്സിച്ച ഡോക്ടർമാരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ |

| | |
|---|---|
| | മരണം വൈറൽമെനിൻഞ്ജോഎൻസെഫ-ലൈറ്റിസ് മൂലമാണെന്ന് മനസ്സിലാക്കുക യുണ്ടായി. മറ്റൊരാൾക്കു കൂടി ഇതു പോലെയുള്ള അസുഖം ബാധിക്കുകയു ണ്ടായി. വിദഗ്ധ ചികിത്സയിലൂടെ ഇദ്ദേഹത്തിന്റെ രോഗം സുഖപ്പെട്ടുവരുന്നു. |
| (സി) സാംക്രമിക രോഗ ലക്ഷണമുള്ള ആളുകളുടെ രക്ത സാംപിളുകളുടെ പരിശോധനാ ഫലങ്ങൾ കാലതാമസം കൂടാതെ ലഭിക്കുന്നതിനുള്ള ക്രമീകരണ ങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ; ലാബ് സൗകര്യങ്ങൾ എവിടെയെല്ലാമുണ്ട്; | (സി) സാംക്രമിക രോഗ ലക്ഷണമുള്ള ആളുകളുടെ രക്ത സാംപിളുകൾ പരിശോ ധിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രി കൾ, ചില താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ പെട്ടെന്ന് തന്നെ രോഗ നിർണ്ണയം നടത്തുന്നതിന് ഉപകരിക്കുന്ന റാപ്പിഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റ് കിറ്റുകൾ ചില ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധി ച്ചുള്ള ലാബുകളിൽ നൽകിയിട്ടുണ്ട്. |
| (ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളുടേയും സന്നദ്ധ സംഘടനകളുടേയും ഉൾപ്പെടെ ജനകീയ പങ്കാളിത്തത്തോടെ പരിസര ശുചീകരണം ഫലപ്രദമായി നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ഏപ്രിൽ, മേയ് മാസങ്ങളിൽ തന്നെ സംസ്ഥാനതലത്തിലും ജില്ലാതലങ്ങ ളിലും പഞ്ചായത്ത് തലങ്ങളിലും വിവിധ വകുപ്പുകളുടേയും ആരോഗ്യ പ്രവർത്തകരു ടേയും ജനനേതാക്കളുടേയും സംയുക്ത യോഗം കൂടി പരിസര ശുചീകരണം ഫലപ്രദമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജനം നടന്നു വരുന്നു. എൻ.ആർ.എച്ച്.എം.-ൽ നിന്ന് വാർഡ് ഹെൽത്ത് & സാനിറ്റേഷൻ കമ്മിറ്റികൾക്ക് 10,000/- രൂപ വീതം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രാദേശിക പ്രതിനിധിയാണ് ഈ കമ്മിറ്റിയുടെ ചെയർ പേഴ്സൺ. ഈ ഫണ്ട് ഉപയോഗിച്ച് വാർഡുകളിൽ അത്യാവശ്യമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 64

29.06.2011- ലെ
മറുപടിക്ക്

## കയർ വ്യവസായത്തിന്റെ സമഗ്ര വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. എസ്. ശർമ്മ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ വ്യവസായത്തെക്കുറിച്ച് പഠിച്ച കയർ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അതിലെ പ്രമുഖ ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) ഉണ്ട്.<br>പ്രമുഖ ശുപാർശകൾ അനുബന്ധം (1) ൽ ചേർത്തിരിക്കുന്നു. |
| (ബി) കയർ വ്യവസായത്തിന്റെ സമഗ്ര വികസനത്തിന് സഹായകരമായ ശുപാർശകളാണോ കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത്; എങ്കിൽ അവ ഉടൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ: | (ബി) അതെ. കയർ കമ്മീഷൻ ശുപാർശകൾ ഭൂരിഭാഗവും 2009-10 വർഷം മുതൽ തന്നെ നടപ്പിലാക്കി വരികയാണ്. തൊണ്ട് സംഭരണ പദ്ധതി, കയർ കടാശ്വാസ പദ്ധതി എന്നിവ പ്രായോഗിക തലത്തിൽ നടപ്പിലാക്കിയപ്പോൾ നേരിട്ട വൈഷമ്യങ്ങൾ കൂടി കണക്കിലെടുത്ത് മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം പരിഗണിച്ച് കേരളത്തിലുല്പാദിപ്പിക്കുന്ന പരമാവധി തൊണ്ട് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം -I

- തൊണ്ട് സംഭരണത്തിനായി തൊണ്ട് സംഭരണ കമ്മറ്റികൾ /തൊണ്ട് സംഭരണ സംഘങ്ങൾ /കൺസോർഷ്യം രൂപീകരിക്കുക. ഒരു തൊണ്ടിന് 10 പൈസ നിരക്കിൽ ഇൻസെന്റീവ് സബ്സിഡി നൽകുക.
- ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയതായി 100 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുക. ഡീഫൈബറിംഗ് മില്ലുകൾക്ക് 50% വൈദ്യുതി സബ്സിഡി നൽകുക. പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തന ക്ഷമമാക്കുക. ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
- സഹകരണസംഘങ്ങൾ പുന:സംഘടിപ്പിക്കുക. പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദുചെയ്യുക. സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് മടക്കി നൽകുക. സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി എന്നിവയിലേയ്ക്ക് ധനസഹായം സർക്കാർ നൽകണം. കയർ സംഘങ്ങളുടെ ആഡിറ്റ് കയർ വികസന വകുപ്പിന് നൽകുക.
- ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുക.
- വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തുക.
- അനുപം ലൂം അനുഗ്രഹ ലൂം എന്നീ ഉൽപ്പാദന ക്ഷമത കൂടിയ ലൂമുകൾ സ്ഥാപിക്കുക. ഇവയ്ക്ക് ആവശ്യമായ ഗ്രാന്റുകൾ സർക്കാർ നൽകുക.
- അസംസ്കൃത സാധന ബാങ്ക് സ്ഥാപിക്കുക.
- കയർപിരി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തി തൊഴിലാളികൾക്ക് വേണ്ടി കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുക.
- കയർതൊഴിലാളികളെയെല്ലാം ഇ.എസ്.ഐ പരിധിയിൽ കൊണ്ടുവരിക. തൊഴിലാളികൾക്ക് മുഴുവനും ഇൻഷ്വറൻസ് പരിരക്ഷ നൽകുക. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കയർ മേഖലയിൽ സഹായം നൽകുന്നതിനുള്ള വ്യവസ്ഥ ഡിസാസ്റ്റർ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുക.
- റിമോട്ട് പദ്ധതിയിൽ കയർ സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി പദ്ധതിയിൽ ഭേദഗതി വരുത്തുവാൻ കയർ ബോർഡിനോട് ശുപാർശ ചെയ്യുക.
- കയർമേഖലയിലെ പദ്ധതികൾ ഏറ്റെടുത്തുനടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാനങ്ങൾക്ക് അനുമതി നൽകുക.
- കയർ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്ന ചുമതലയല്ലാതെ മറ്റ് ചുമതലകളൊന്നും മേലിൽ കയർഫെഡ് ഏറ്റെടുക്കരുത്. കയർഫെഡിന്റെ മുഴുവൻ ശ്രദ്ധയും മാർക്കറ്റിംഗിൽ കേന്ദ്രീകരിക്കണം.

- നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കുക. വേഗത്തിൽ കായ്ഫലം തരുന്നതും അധികം പൊക്കമില്ലാത്തതുമായ തെങ്ങിൻ തൈകൾ വ്യാപകമായി വച്ച് പിടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.
- ചെറുകിട ഉൽപ്പാദകർക്കും കയർ സഹകരണ സംഘങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ ബാങ്കുകൾക്ക് സർക്കാർ നിർദ്ദേശം നൽകുക.
- ചെറുകിട ഉൽപ്പാദകർക്കായി കടാശ്വാസം ഏർപ്പെടുത്തുക. അവർക്ക് കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പ നൽകാനുള്ള നടപടി സ്വീകരിക്കുക.
- ഗവേഷണ - വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുക. കൂടുതൽ പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തുക. കയർ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പോളിടെക്നിക്കുകൾ, ഐ റ്റി ഐ കൾ എന്നിവയിൽ ഉൾപ്പെടുത്തുക.
- കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക.
- കയർ വികസന വകുപ്പ് വ്യവസായ വകുപ്പിൽ നിന്നും മാറ്റി പ്രത്യേക സ്വതന്ത്ര വകുപ്പ് ആക്കുക. കയർ വികസന ഡയറക്ടറേറ്റ്, കയർ പ്രോജക്ട് ഓഫീസുകൾ, കയർ ഇൻസ്പെക്ടർ ഓഫീസുകൾ എന്നിവയെ കയർ മേഖലയുടെ ഫെസിലിറ്റേറ്റർ റോളിലേയ്ക്ക് മാറ്റിയെടുക്കണം.
- വിപണന സാധ്യതകൾ വിപുലമാക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുക.
- കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- കയർ ഉൽപ്പന്നങ്ങൾ പുതിയ ഡിസൈനിലും പാറ്റേണിലും വികസിപ്പിക്കുക, വൈവിധ്യ വൽക്കരണത്തിനുള്ള നടപടി സ്വീകരിക്കുക.
- കയർമേഖലയ്ക്ക് ആവശ്യമായ പുതിയ ഫാക്ടറി സ്ഥാപിക്കുക.
- സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർ മന്ത്രി ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി ഈ മേഖലയ്ക്ക് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനായി അപെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിക്കുക.
- കയർ തൊഴിലാളിയ്ക്ക് തൊഴിൽ മാന്യത ഉറപ്പുവരുത്തുക.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 65

29.06.2011- ലെ മറുപടിക്ക്

## ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ് പെർമിറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി. അയിഷാപോറ്റി<br>ശ്രീ കെ.കെ.നാരായണൻ<br>,, പുരുഷൻ കടലുണ്ടി | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് വീണ്ടും പെർമിറ്റ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) പുതിയ പെർമിറ്റ് കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഭാഗികമായി ദേശസാൽക്കരിച്ച റൂട്ടുകളിൽ സർക്കാരിന്റെ നിബന്ധനക്ക് വിധേയമായി പെർമിറ്റ് നൽകുന്നതിനോ പുതുക്കി നൽകുന്നതിനോ ഇപ്പോൾ നിയമ തടസ്സമില്ല. |
| ബി) ദേശസാൽകൃത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി ക്ക് പൂർണ്ണ അവകാശം നൽകി മുൻ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത് അസാധുവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) ഉദ്ദേശിക്കുന്നില്ല. എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ച 14.07.2009 ലെ 42/2009 എന്ന വിജ്ഞാപനത്തിന്റെ പിരിവ് (4) ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. |
| സി) ദേശസാൽകൃത റൂട്ടുകളിൽ ഇപ്പോൾ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് അവസാനിക്കുമ്പോൾ തുടർന്നും അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) സർക്കാർ വിജ്ഞാപനം 42/09 തീയതി 14.07.2009 പ്രകാരമുള്ള, സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആദ്യം കാലാവധി തീരുന്ന ബസ്സുകളുടെ പെർമിറ്റ് തുടർന്ന് പുതുക്കുന്നതല്ല എന്ന തീരുമാനമുണ്ടായിരുന്നു. എന്നാൽ ഈ നിബന്ധന ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തു. ഇതിനെതിരെ സർക്കാർ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 66** 29.06.2011 ൽ മറുപടിയ്ക്ക്

**<u>മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എളമരം കരീം<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാപകമായി വ്യാജ മരുന്നുവിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് വ്യാപകമായി വ്യാജ മരുന്ന വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ ആവശ്യമായ ലാബ് സൗകര്യം ഉണ്ടോ ; | (ബി) സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി നിലവിലുണ്ട്. ഈ ലബോറട്ടറിയിൽ ഏകദേശം 5000 ത്തോളം സാമ്പിളുകൾ പരിശോധിക്കുവാനുള്ള സൗകര്യം ഇപ്പോൾ നിലവിലുണ്ട്. സർക്കാർ മേഖലയിലെ രണ്ടാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എറണാകുളത്തു നടന്നുവരികയാണ് സ്വകാര്യമേഖലയിൽ അഞ്ച് സർക്കാർ അംഗീകൃത ലബോറട്ടറികളും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. |
| (സി) മരുന്നു നിർമ്മാണ കമ്പനികൾ നിർമ്മിക്കുന്ന മരുന്നുകൾക്ക് ഏതെല്ലാം തരത്തിലുള്ള പരിശോധനകൾ നടത്തണമെന്നാണ് നിലവിൽ നിയമം അനുശാസിക്കുന്നത് ; ഇത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ; | (സി) മരുന്നുനിർമ്മാണകമ്പനികൾ നിർമ്മിക്കുന്ന മരുന്നുകൾക്ക് ഇൻഡ്യൻ ഫാർമകോപ്യ,ബ്രിട്ടീഷ് ഫാർമകോപ്യ, യുണൈറ്റഡ് സ്റ്റേറ്റ് ഫാർമകോപ്യ, തുടങ്ങിയ ആധികാരിക ഗ്രന്ഥങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ പരിശോധനകളും നടത്തിയതിനു ശേഷമെ മരുന്നുകൾ വിൽപ്പന നടത്താൻ പാടുള്ളൂ. ഇത്തരം പരിശോധനകൾ നടത്തുന്നുണ്ട് എന്നുറപ്പു വരുത്തുന്നതിന് വകുപ്പു ഉദ്യോഗസ്ഥൻമാർ മിന്നൽ പരിശോധന നടത്തുന്നുണ്ട്. ഇതിനുപുറമെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിപണിയിൽ മരുന്നുകളുടെ സാമ്പിളുകൾ ശേഖരിച്ച് സർക്കാർ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. |
| (ഡി) ജീവൻരക്ഷാ മരുന്നുകളടക്കം വ്യാജമായി നിർമ്മിച്ച് വിൽപ്പന നടത്തുന്ന എന്ന പരാതിയിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന വ്യക്തമാക്കാമോ? | (ഡി). ജീവൻരക്ഷാമരുന്നുകൾ വ്യാജമായി നിർമ്മിച്ച് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. വ്യാജമരുന്നുകൾ വിപണിയിലെത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ സംവിധാനങ്ങൾ നിലവിലുണ്ട്. വ്യാജമരുന്നു നിർമ്മിച്ച് വിൽപ്പന നടത്തുന്നവർക്കെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.67 | 29 -06 -2011 - ൽ മറുപടിയ്ക്ക് |
|---|---|

## ആരോഗ്യനയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി :<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ :<br>ശ്രീ. എം.ഉമ്മർ :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

(എ) നിലവിലുള്ള ആരോഗ്യനയത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(എ) സംസ്ഥാനത്ത് സർക്കാർ തലത്തിൽ പ്രഖ്യാപിക്കപ്പെട്ട ഒരു ആരോഗ്യനയം നിലവിലില്ല. കേന്ദ്ര ആരോഗ്യ നയത്തിന്റെ അടിസ്ഥാനത്തിലുള്ള ആരോഗ്യ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടും ഗ്രാമ മേഖലയിൽ ചികിത്സാ സൗകര്യങ്ങൾ വിപുലപ്പെടുത്തിക്കൊണ്ടുമുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കേരളത്തിന്റെ സവിശേഷ ആരോഗ്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

(ബി) പാവപ്പെട്ടവർക്ക് സർക്കാർ ആശുപത്രികളിൽ നിന്ന് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ജില്ലാ മെഡിക്കൽ ആഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങളും ആശുപത്രികളിലെ അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. പുതിയ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ആശുപത്രിയിലേക്കാവശ്യമായ അവശ്യമരുന്നുകൾ കേരള മെഡിക്കൽസർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുന്നുണ്ട്.

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട മുഴുവൻ രോഗികൾക്കും ചികിത്സ, പരിശോധന, മരുന്ന് എന്നിവ പൂർണ്ണമായും സൗജന്യമായി

ഇപ്പോൾ നൽകി വരുന്നു. ഇതുസംബന്ധിച്ച് സർക്കാരിൻെറ നിർദ്ദേശം പാലിക്കുന്നതിനായി എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിലവിൽ സർക്കാർ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നൽകിവരുന്നു. സർക്കാർ ആർ.എസ്. ബി.വൈ എന്ന ഒരു ഹെൽത്ത്കെയർ പ്രോജക്റ്റ് നടപ്പിലാക്കുകയും ആയതിൻ പ്രകാരം സർക്കാർ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന ആരോഗ്യ ഇൻഷ്വറൻസിൻെറ തിരിച്ചറിയൽ കാർഡ് കൈവശമുള്ളവർക്ക് ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകിവരുന്നു. "താലോലം", "ജെ.എസ്.വൈ" പോലുള്ള ചികിത്സാ സഹായ പദ്ധികളും നിലവിലുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും ചികിത്സാ സഹായ നിധിയിൽനിന്നുള്ള ധനസഹായം ഏറ്റവും അർഹരായ രോഗികൾക്ക് നൽകുന്നുമുണ്ട്.

2011- 2012 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ആരോഗ്യത്തിനുള്ള ഫ്ളാഗ്ഷിപ്പ് പദ്ധതിയിൽ സംസ്ഥാനത്തെ ജനസംഖ്യയുടെ താഴെത്തട്ടിലുള്ള 30% വരുന്നവർക്ക് സൗജന്യ ആരോഗ്യ സംരക്ഷണ വ്യവസ്ഥയിലും മറ്റുള്ളവർക്ക് താങ്ങാവുന്ന . തരത്തിലുമാക്കി ചികിത്സാ സൗകര്യം നൽകുന്നതിനുവേണ്ടി പത്തു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ് നിർത്തലാക്കിയതിൻെറ ഗുണ ദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഫലമെന്താണെന്ന് വിശദമാക്കുമോ ; | (സി) | കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ് കഴിഞ്ഞ സർക്കാർ നിർത്തലാക്കിയത് സംബന്ധിച്ച് പൊതു ജനങ്ങൾക്ക് ഉണ്ടായ ഗുണങ്ങളും ബുദ്ധിമുട്ടുകളെക്കുറിച്ചും സർക്കാർ പഠിച്ചുവരുന്നതേയുള്ളൂ. |
| (ഡി) | വിലയിരുത്തലിൻെറ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാനുദ്ദേശിക്കുണ്ടോ ? | (ഡി) | ഇതിനെക്കുറിച്ച് വിശദമായി പഠിച്ചശേഷം നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നം. 68 *** — **29.6.2011-ൽ മറുപടിക്ക്**

### സ്വകാര്യപ്രാക്ടീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. എ. പ്രദീപ്കുമാർ : | ശ്രീ. അടൂർപ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന് സർക്കാരിനെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ; | **(എ) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.** |
| (ബി) ഇക്കാര്യത്തിൽ ഈ സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ലക്ഷ്യത്തോടെയാണ് സ്വകാര്യ പ്രാക്ടീസ് നിർത്തൽ ചെയ്തതെന്നകാര്യം പരിഗണിച്ചിട്ടുണ്ടോ ;<br>(സി) സ്വകാര്യ പ്രാക്ടീസ് നിരോധനത്തിന് മുമ്പായി സർക്കാർ നടത്തിയ പഠന റിപ്പോർട്ടിന്റെയും നിഗമനങ്ങളെയും നിഷേധിക്കുന്ന പുതിയ എന്തെങ്കിലും സാഹചര്യം ഈ രംഗത്തുണ്ടായിട്ടുണ്ടോ ; എങ്കിൽ അതെന്താണെന്ന് വിശദമാക്കുമോ ? | **(ബി) & (സി)**<br>**ബാധകമല്ല** |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 69

29.06.2011- ലെ
മറുപടിക്ക്

## കയർ മേഖലയിൽ കാലാനസൃതമായി വൈവിധ്യവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീമതി. പി.അയിഷാ പോറ്റി<br>പ്രൊ. സി. രവീന്ദ്രനാഥ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർമേഖലയിൽ കാലാനസൃതമായി വൈവിധ്യവൽക്കരണവും ആധുനികവൽക്കരണവും നടത്തുന്നതിന് മുൻ സർക്കാർ കൈക്കൊണ്ട നടപടികൾ തുടർന്നും നടപ്പാക്കുമോ; | (എ) കയർമേഖലയ്ക്ക് ഉപയുക്തമാകുന്ന പദ്ധതികളെല്ലാം തുടർന്നും നടപ്പാക്കുന്നതാണ് |
| (ബി) ഈ രംഗത്ത് മുൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിലേക്കായി സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് മുടക്കുമുതലിന്റെ 75% പരമാവധി 25 ലക്ഷം രൂപയും ഇവയുടെ പുനരുദ്ധാരണം/നവീകരണം എന്നിവയ്ക്കായി പ്രോജക്ടിന്റെ 75% പരമാവധി 15 ലക്ഷം രൂപയും അനുവദിച്ചു.<br><br>• ഒരു ഷിഫ്റ്റിൽ 3000-4000 തൊണ്ടുവരെ സംസ്കരിക്കാവുന്ന ചെറിയതരം ഡീഫൈബറിംഗ് മെഷീനുകൾ കയർ സഹകരണ സംഘങ്ങൾക്ക് സൌജന്യമായും സ്വകാര്യ സംരംഭകർക്ക് സബ്സിഡി നിരക്കിലും അനുവദിച്ചുവരുന്നു |

| | |
|---|---|
| | ● കയർ വ്യവസായത്തിനാവശ്യമായ മെഷിനറികൾ സംസ്ഥാനത്തുതന്നെ നിർമ്മി ക്കുക എന്ന ലക്ഷ്യത്തോടെ ആലപ്പുഴയിൽ യന്ത്രനിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.<br>● ഉല്പാദനക്ഷമതയുള്ള മോട്ടോറൈസ്ഡ് റാട്ടുകളും സ്പിന്നിംഗ് മെഷീനുകളും വീവിംഗ് യൂണിറ്റുകളും നല്കി.<br>● ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ കയർ കോമ്പസിറ്റ് ബോർഡ് ഫാക്ടറിയും കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സ ങ്കരയാൺ ഫാക്ടറിയും കയർഫെഡിന്റെ ആഭിമുഖ്യത്തിൽ PVC tufted ഫാക്ടറിയും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു.<br>● വൈവിധ്യവൽക്കരണത്തിന്റെ ഭാഗ മായി NCRMI യുടെ ആഭിമുഖ്യത്തിൽ ഫോമിൽ വ്യാവസായികാടിസ്ഥാനത്തിൽ കയർ പിത്ത് ഉപയോഗിച്ചിട്ടുള്ള ചെരുപ്പും ഉയർന്ന റണ്ണേജ് കയർ ഉപയോഗിച്ചുള്ള ബാഗും നിർമ്മിക്കാൻ നടപടി സ്വീകരിച്ചു |
| (സി) മുഖ്യമന്ത്രിയുടെ നൂറുദിന പ രിപാടിയിൽ കയർമേഖല യ്ക്ക് വേണ്ടി എന്തെങ്കിലും പദ്ധതി പ്രഖ്യാപിച്ചിട്ടു ണ്ടോ; | *(സി)* പദ്ധതി തയ്യാറാക്കിയിട്ടു ണ്ട്. |
| (ഡി) ച കിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എ ന്ത് നടപടി സ്വീകരി ക്കുകയുണ്ടാ യി എന്ന് വ്യക്തമാ ക്കുമോ? | (ഡി) ചകിരിക്ഷാമം പ രിഹരി ക്കുന്നതിലേ യ്ക്കായി മുൻ സർക്കാർ സ്വീകരി ച്ച നടപടികൾ ക്കു പുറമെ ചുവടെ വിവരി ക്കുന്ന നടപടികൾ സ്വീക രിക്കുകയു ണ്ടായി.<br>1. തമിഴ്നാട്ടിൽ നി ന്നും ന്യായവില യ്ക്ക് ചകിരി ലഭ്യമാ കുമോ എന്ന് മനസ്സിലാ ക്കുന്നതിലേ യ്ക്കായി തമിഴ്നാട്ടിലെ ഇപ്പോഴത്തെ ചകിരി വില ശേഖരിക്കാൻ ഏർപ്പാടു ചെയ്തി രുന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ തമിഴ്നാട് സർക്കാ രുമായി ചർച്ച ചെയ്യുന്നതിന് ഔദ്യോഗികമായ |

| | |
|---|---|
| | നടപടികൾ സ്വീകരി ക്കുന്നതാണ്.<br><br>2. ഫിലിപ്പൈൻസ്, ശ്രീലങ്ക എന്നിവിട ങ്ങളിൽ നിന്ന് ചകിരി ഇറ ക്കുമതി ചെയ്യാ നുള്ള സാധ്യതകൾ പ രിശോ ധിച്ചു വ രുന്നു.<br>3. 2009-10 ൽ ആരംഭിച്ച തൊണ്ട് സംഭരണ പദ്ധതി പ്രായോഗിക തലത്തിൽ നടപ്പിലാക്കിയപ്പോൾ അഭിമുഖീകരിച്ച വൈഷമ്യങ്ങൾ പ രിഹരിച്ചു കൊണ്ട് കയർ സഹകരണ സംഘങ്ങൾക്ക് ഉൾപ്പെടെ തൊണ്ട് സംഭരി ക്കുന്നതിന് വ്യവസ്ഥ ചെയ്തു കൊ ണ്ടുള്ള നിയമ ഭേദഗതി സർക്കാർ പ രിശോധിച്ചു വരികയാണ്.<br><br>കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 21/6/2011 ൽ ആലപ്പുഴ യിൽ കയർ രംഗത്തെ വിവിധ മേഖലകളിലുള്ളവരെ പ ങ്കെടുപ്പിച്ചു കൊണ്ട് നടന്ന ചർച്ചയിൽ ഉ രുത്തി രിഞ്ഞു വന്ന പ്രധാന നിർദ്ദേശങ്ങളായ സംഭരണ കേന്ദ്രങ്ങൾ ആരംഭി ക്കുക, സബ്സിഡി നി രക്കിൽ ചകിരി ലഭ്യമാ ക്കുക തുടങ്ങി യ എല്ലാ കാര്യങ്ങളും പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70 | 29.06.2011—ൽ മറുപടിക്ക്

## ഗ്രാമീണ ശുദ്ധജല പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി<br>,, സി. ദിവാകരൻ<br>,, ഇ.കെ. വിജയൻ<br>,, പി. തിലോത്തമൻ | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വിവിധ ഏജൻസികളുടെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കിയ ഗ്രാമീണ ശുദ്ധജല പദ്ധതികൾ എത്ര, അവ ഏതെല്ലാം; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു; | (എ) വിവിധ ഏജൻസികളുടെ സഹായത്തോടെ 2007—2011 കാലയളവിൽ സംസ്ഥാനത്ത് 47 വൻകിട ഗ്രാമീണ ശുദ്ധജല പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഉദ്ദേശം 12 ലക്ഷത്തോളം പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ഇവ ഏതെല്ലാമാണെന്നും ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു എന്നുമുള്ള വിവരം അനുബന്ധം—1 ൽ ചേർത്തിരിക്കുന്നു. ഇത് കൂടാതെ ലോകബാങ്കിന്റെ സഹായത്തോടെ 112 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ ജലനിധി പദ്ധതിയിൻ കീഴിൽ 3712 കുടിവെള്ള പദ്ധതികൾ ആരംഭിച്ചതിൽ 3710 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലായി 1.88 ലക്ഷം കുടുംബങ്ങൾക്ക് (11.11 ലക്ഷം ജനങ്ങൾ) എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

(ബി) ഇപ്രകാരം ഇനി പൂർത്തിയാക്കാനുള്ള പദ്ധതികളുണ്ടോ; എങ്കിൽ അവ ഏതെല്ലാം; പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഉണ്ട്. പൂർത്തീകരിക്കാനുള്ള ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതികൾ താഴെ പറയുന്നു.

| ക്രമ നം. | പദ്ധതികളുടെപേര് | പദ്ധതികളുടെ എണ്ണം |
|---|---|---|
| 1 | കേന്ദ്ര സഹായത്തോടെയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ | 83 |
| 2 | നബാർഡ് (സ്ലാൻ) പദ്ധതികൾ | 30 |
| 3 | നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതി | 1 |
| 4 | കേന്ദ്ര സഹായത്തോടെയുള്ള ടെകനോളജിമിഷൻ പദ്ധതികൾ | 7 |
| 5 | സാർക്ക് 2010—11 പദ്ധതികൾ | 5 |
| 6 | പുതിയ മൂലധന പദ്ധതികൾ | 2 |
| 7 | 2010—11 ലെ പുതിയ ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതികൾ | 6 |

ഇവ ഏതെല്ലാമെന്ന് അനുബന്ധം 2—ൽ ചേർത്തിരിക്കുന്നു. പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജലനിധിയുടെ 3710 പദ്ധതികൾ പൂർത്തീകരിച്ചതിൽ പാണഞ്ചേരി (തൃശൂർ) പദ്ധതി ഭാഗിക മായിട്ടാണ് കമ്മീഷൻ ചെയതിട്ടുള്ളത്. അാനക്കട്ടി (പാലക്കാട്) പദ്ധതി പണി പൂർത്തിയായി കമ്മീഷൻ ചെയ്യാവുന്ന അവസ്ഥയിലാണ്. കൂടാതെ മലപ്പുറത്ത് മംഗലം പഞ്ചായത്തിൽ 2 ചെറുകിട പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനുവേണ്ടി ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) 2007 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ ഓരോ വർഷവും ഗ്രാമീണ ശുദ്ധജല വിതരണത്തിനായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

(സി) 2007 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ ഗ്രാമീണ ശുദ്ധജല വിതരണത്തിനായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുക അനുബന്ധം 3—ൽ പറഞ്ഞിരിക്കുന്നു.ജലനിധി പദ്ധതിയുടെ വിവരം താഴെ ക്കാണിച്ചിരിക്കുന്നു.

| വർഷം | വകയിരുത്തിയത് (രൂപ കോടിയിൽ) | ചെലവഴിച്ചത് (രൂപ കോടിയിൽ) |
|---|---|---|
| 2007—08 | 35.00 | 15.00 |
| 2008—09 | 20.00 | 20.00 |
| 2009—10 | 1.00 | 1.00 |
| 2010—11 | 104.00 | 6.00 |
| ആകെ | 160.00 | 42.00 |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 71 29-06-2011 -ൽ മറുപടിയ്ക്ക്

### പ്രാക്തന ഗോത്രവർഗ്ഗക്കാർക്കായുള്ള പദ്ധതി

ചോദ്യം ഉത്തരം

ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. കെ. വി. വിജയദാസ്
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. ബി. സത്യൻ

ശ്രീമതി. പി.കെ ജയലക്ഷ്മി
(പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) 1.4.2011 മുതൽ ആരംഭിച്ചതും പട്ടികവർഗ്ഗത്തിലെ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കു വേണ്ടി മാത്രമായി നടപ്പിലാക്കുന്നതും 148 കോടി രൂപയുടെ 4 വർഷംകൊണ്ട് പൂർത്തീകരിക്കേണ്ടതുമായ പദ്ധതിയുടെ പ്രവർത്തന ഘടനയുടെ സ്ഥിതി വ്യക്തമാക്കുമോ? | (എ) പ്രാക്തനഗോത്രവർഗ്ഗക്കാർക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി 16.05.2011 ലെ സ.ഉ.(എം.എസ്) 49/2011/പജപവവിവ പ്രകാരം ഒരു റിട്ടയർഡ് ഉദ്യോഗസ്ഥനെ കോ-ഓർഡിനേറ്റർ ആയി നിയമിച്ചിരുന്നു. (അനുബന്ധം I) 1.4.2011 മുതൽ ആരംഭിച്ചതും പട്ടിക വർഗ്ഗത്തിലെ പ്രാക്തഗോത്ര വർഗ്ഗക്കാർക്കുവേണ്ടി മാത്രമായി നടപ്പിലാക്കുന്നതും 148 കോടി രൂപ അടങ്കലുള്ളതും നാലു വർഷംകൊണ്ട് പൂർത്തീകരിക്കേണ്ടതുമായ പദ്ധതിയുടെ പ്രവർത്തന ഘടന സംബന്ധിച്ച് ഈ സർക്കാർ ഇതുവരെ അന്തിമ തീരുമാനം എടുത്തിട്ടില്ല.<br><br>പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുന്ന ഒരു ഓർഗനൈസേഷണൽ സ്ട്രക്ചർ രൂപീകരിക്കാനുള്ള ആലോചനകൾ നടന്നു വരികയാണ്. എത്രയും പെട്ടെന്ന് പ്രസ്തുത നടപടി പൂർത്തീകരിച്ച് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതാണ്. |

| | |
|---|---|
| (ബി) ഇതിൻെറ ചാലകശക്തി യായി പ്രവർത്തിക്കേണ്ട ഓർഗ നൈസേഷണൽ സ്ട്രക്ചർ നില വിൽ വന്നിട്ടുണ്ടോ; എങ്കിൽ അതിൻെറ ആസ്ഥാനം സംബ ന്ധിച്ച വിവരങ്ങൾ വ്യക്തമാക്കു മോ; | (ബി) ഓർഗനൈസേഷണൽ സ്ട്രക്ചർ രൂപീകരി ക്കാൻ സർക്കാർ നടപടി എടുത്തു വരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് (I) |
| (സി) ഇല്ലെങ്കിൽ പദ്ധതി നടപ്പി ലാക്കാൻ വൈകുന്നതിൻെറ കാരണം എന്താണെന്ന് വ്യക്ത മാക്കുമോ; | ---------------------------------------- (സി ) 2011- ഏപ്രിൽ മാസം മുതലാണ് പദ്ധതി നടപ്പി ലാക്കുന്നത് ആരംഭിക്കേണ്ടിയിരുന്നത്. എന്നാൽ തെര ഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം മാർച്ച് 1 മുതൽ നിലവിൽ വന്നതിനാൽ ഉടനെ ആരംഭിക്കാൻ കഴിയാതെ വന്നു. സർക്കാരിൻെറ 100 ദിവസത്തെ കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭി ക്കുന്നതാണ്. |
| (ഡി) എന്തെല്ലാം പശ്ചാത്തല സൗകര്യങ്ങളും അടിസ്ഥാനസൗക ര്യങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നുള്ള വിവരം വ്യക്തമാക്കുമോ? | (ഡി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. (II) |

Beenamma

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം 72 | 29-06-2011-ൽ മറുപടിക്ക് |
|---|---|

## നഴ്സിംഗ് കോഴ്സുകൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച വ്യവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. പി.റ്റി.എ. റഹിം | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങളോ, ഫാക്കൽറ്റിയോ ഇല്ലാതെ സംസ്ഥാനത്ത് ഒട്ടേറെ നഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | എങ്കിൽ നഴ്സിംഗ് കോഴ്സുകൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; | ബി) | ബാധകമല്ല. |
| സി) | വ്യവസ്ഥകൾ പാലിക്കാതെ കോഴ്സുകൾ നടത്തുന്നില്ല എന്ന് ഉറപ്പാക്കാൻ എന്തു സംവിധാനമാണ് സംസ്ഥാനത്തുള്ളത് എന്ന് വിശദമാക്കുമോ; | സി) | ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് എന്നിവ നഴ്സിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തി വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| ഡി) | സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും കോഴ്സ് കഴിഞ്ഞുവരുന്നവർക്ക് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഇന്റേൺഷിപ്പ് നൽകുന്നുണ്ടോ; ഇതു സംബന്ധിച്ച നിലപാട് എന്താണെന്ന് വിശദമാക്കാമോ ? | ഡി) | ചോദ്യം 'എ' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73 — 29.06.2011—ൽ മറുപടിക്ക്

**ലോകബാങ്ക് സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധ ജല പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ്<br>,, എം. ഹംസ<br>,, ബാബു എം. പാലിശ്ശേരി<br>,, സി. കൃഷ്ണൻ | | ശ്രീ. പി. ജെ. ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി | |
| (എ) | ഗ്രാമീണ ശുദ്ധ ജല വിതരണത്തിന് ലോകബാങ്ക് സഹായത്തോടെ നടപ്പാക്കാൻ മുൻ സർക്കാർ തയ്യാറാക്കിയ രണ്ടാം ഘട്ട പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) | രണ്ടാം ഘട്ട പദ്ധതിയ്ക്കായി കേരള സർക്കാർ ഏകദേശം 1200 കോടി രൂപയുടെ പ്രോജക്റ്റ് പ്രൊപ്പോസൽ 2007 ഡിസംബറിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. അായത് ഡിപ്പാർട്ട്മെൻറ് ഓഫ് എക്കണോമിക്സ് അഫെയ്സ് ഡിപ്പാർട്ട്മെൻറ് അംഗീകരിക്കുകയും ലോകബാങ്കിന് സമർപ്പിക്കുകയും ലോകബാങ്ക് തത്വത്തിൽ പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അായതിൻെറ ഭാഗമായി പദ്ധതിയുടെ നടത്തിപ്പ് രൂപരേഖ തയ്യാറാക്കുന്നതിനും അപ്രെയ്സലിന് സജ്ജമാക്കുന്നതിനുമായി ലോകബാങ്കിൻെറ പ്രിപ്പറേഷൻ മിഷനുകൾ കേരളത്തിൽ എത്തിയിട്ടുണ്ടായിരുന്നു. പ്രീ അപ്രൈസൽ മിഷൻ ഉൾപ്പെടെ 3 മിഷനുകൾ പൂർത്തിയായി കഴിഞ്ഞു. അപ്രൈസൽ 2011 ആഗസ്റ്റിലും നെഗോഷിയേഷൻ 2011 സെപ്റ്റംബറിലുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്താകെ എത്ര പഞ്ചായത്തുകളിലാണിത് നടപ്പാക്കാൻ പദ്ധതി ഇട്ടിരുന്നത്; ഈ പദ്ധതിയ്ക്ക് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നതാണ്; | (ബി) | 1200 കോടി അടങ്കൽതുകയ്ക്ക് 241 ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ലോകബാങ്കുമായുള്ള അവസാന ഘട്ട ചർച്ചകൾ പൂർത്തിയായിട്ടുണ്ടോ; ഇതു സംബന്ധിച്ച കരാർ എന്ന് ഒപ്പിടാൻ സാധിക്കും? | (സി) | ലോകബാങ്കുമായുള്ള അവസാനഘട്ട ചർച്ചകൾ പൂർത്തിയായി വരുന്നു. 2011 സെപ്റ്റംബറിനുശേഷം കരാർ ഒപ്പിടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 74

29/06/2011 - ൽ മറുപടിക്ക്.

### തെക്കുവടക്ക് ജലപാത നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നദികൾ, തടാകങ്ങൾ, കായലുകൾ, കനാലുകൾ എന്നിവ ബന്ധിപ്പിച്ചുകൊണ്ട് ഒരു തെക്കു വടക്ക് ജലപാത നിർമ്മിക്കുന്ന കാര്യം പരിഗണന യിലുണ്ടോ ;<br><br>(ബി) ഇല്ലെങ്കിൽ അത്തരമൊരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ; | } | (എ)യും, (ബി)യും<br>സംസ്ഥാന ജലപാത തിരുവനന്തപുരം കോവളം മുതൽ കാസർഗോഡിനടുത്ത് നീലേശ്വരം വരെ തെക്കുവടക്ക് ദിശയിലുള്ള ഒരു ജലപാതയാണ്. ഇതിന്റെ നിർമ്മാണം പരിഗണനയിലാണ്. |
| (സി) ചരക്ക് ഗതാഗതത്തിനും, ജനങ്ങളുടെ യത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഏറ്റവും ചെലവു കുറഞ്ഞ മാർഗ്ഗമെന്ന നിലയിലും വിനോദസഞ്ചാര മേഖലയ്ക്ക് അനുയോജ്യമെന്ന നിലയിലും ഈ പദ്ധതിക്ക് മുൻഗണന നൽകാനും സമയബന്ധിത മായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കുമോ ? | : | (സി) പുരോഗമിക്കുന്നു.<br>നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 75 — 29/06/2011-ൽ മറുപടിക്ക്

### പട്ടികവർഗ്ഗ-ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കാൻ നടപടി

| | ചോദ്യം | മറുപടി |
|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ.എ.എ. അസീസ് | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്ത് ഇനിയും ഭൂമി ലഭിക്കാത്ത എത്ര പട്ടികവർഗ്ഗ, ആദിവാസി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ; | സംസ്ഥാനത്ത് ഭൂരഹിതരായ 10917 ആദിവാസി കുടുംബങ്ങളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| ബി | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ? | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.,<br>(i) ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തി പുനരധിവസിപ്പിക്കുന്നതിന് 09/11/2011-ൽ ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചു.<br>(ii) റവന്യൂ ഭൂമി, പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി, മിച്ച ഭൂമി തുടങ്ങിയവ വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ടി വിഭാഗത്തിൽപ്പെടുന്ന പരമാവധി ഭൂമി വിതരണം നടത്തി വരുകയും ചെയ്യുന്നു.<br>(iii) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് വകുപ്പ് തലവന്മാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ ഒരു ശില്പശാല 2002 ജൂൺ 27-ന് നടത്തുകയുണ്ടായി. ഈ ശില്പശാലയിൽ ഭൂമി വിതരണം താഴെപ്പറയുന്ന 4 ഘട്ടങ്ങളിലായി നടത്തുവാൻ തീരുമാനിച്ചു.<br>**ഒന്നാം ഘട്ടം:-** ലഭ്യമായ റവന്യൂ ഭൂമിയുടെയും നിയമ തടസ്സങ്ങളില്ലാത്ത മറ്റ് ഭൂമിയുടേയും വിതരണം<br>**രണ്ടാം ഘട്ടം:-** വിവിധ വകുപ്പുകളുടേയും സ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും കീഴിൽ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.<br>**മൂന്നാം ഘട്ടം:-** കേന്ദ്ര സർക്കാർ അനുമതിയോടെ ലഭ്യമാകുന്ന ഭൂമിയുടെവിതരണം.<br>**നാലാം ഘട്ടം:-** ഭൂമി അക്വയർ ചെയ്ത് വിതരണം |

| | | |
|---|---|---|
| | | ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങളിലെ ഭൂമി വിതരണമാണ് ഇപ്പോൾ നടന്നു വരുന്നത്. (iv) ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസികളുള്ള വയനാട് ജില്ലയിൽ ഭൂമി വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. **സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ** 1. ആറളം ഫാമിൽ ലഭ്യമായ വിതരണയോഗ്യമായ ഭൂമി ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസി കുടുംബങ്ങളുള്ള വയനാട് ജില്ലയിലെ അർഹരും ആറളം ഫാമിലേക്ക് പോകുവാൻ താൽപര്യമുള്ളവരുമായ കുടുംബങ്ങൾക്ക് വിതരണം നടത്തുക. 2. ആറളം ഫാമിൽ ഭൂമി ലഭിക്കുകയും, എന്നാൽ ടി ഭൂമിയിൽ താമസമാക്കിയിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗക്കാരുടെ പട്ടയം റദ്ദ് ചെയ്ത് അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തുക. 3. വയനാട് ജില്ലയിലെന്ന പോലെ പാലക്കാട് ജില്ലയിലെ ഭൂരഹിത ആദിവാസി കുടുംബങ്ങൾക്കും ഭൂമി വിലയ്ക്ക് വാങ്ങി വിതരണം നടത്തുക. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 76 | 29.06.2011-ൽ മറുപടിയ്ക്ക്

അഹാഡ്സിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.എ. മാധവൻ | | ശ്രീ. കെ.സി. ജോസഫ് (ബഹു: ഗ്രാമവികസനവും ആസുത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) | പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന അഹാഡ്സ് അടച്ചുപൂട്ടാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നോ; | (എ) | തീരുമാനിച്ചിരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വിഭാഗക്കാർ ഉൾപ്പെടെ എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | 329 പേർക്ക് |
| (സി) | അഹാഡ്സ് അടച്ചുപൂട്ടാനുള്ള തീരുമാനം പിൻവലിച്ചിട്ടുണ്ടോ; | (സി) | ഈ കാര്യം പുനഃപരിശോധനയിലാണ്. |
| (ഡി) | അഹാഡ്സിനെ ഇപ്പോൾ എന്തെല്ലാം ചുമതലകളാണ് ഏൽപ്പിച്ചിരിക്കുന്നത്; പുതുതായി എന്തെങ്കിലും ചുമതലകൾ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാവിധ പണമിടപാടുകളും ബിൽ സെറ്റിൽമെന്റും സെപ്തംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനും ഇതേ മാതൃകയിൽ വയനാട് ജില്ലയുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് ഒരു പൈലറ്റ് പ്രോജക്ട് വയനാട്ടിൽ 5 പ്രദേശങ്ങളിൽ ( ഓണിവയൽ, സുഗന്ദഗിരി, ഭൂതാനം, മാന്താനം, പൂവഞ്ചി) ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. പാലക്കാട് ജില്ലയിലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അട്ടപ്പാടി മേഖലയിൽ നടപ്പാക്കുന്നതിനുവേണ്ടി |

നീർത്തടാധിഷ്ഠിത വികസന പ്രോജക്ടുകളുടെ ആസൂത്രണത്തിനും മരാമത്ത് പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിനുമുള്ള അക്രഡിറ്റഡ് ഏജൻസിയായി അഹാഡ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ കേരളത്തിലെ പ്രാക്തന ഗോത്ര സമൂഹത്തിന്റെ ഉന്നമനത്തിനായി അനുവദിച്ച തുക ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ അത്തരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അഹാഡ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 77 — 29.06.2011 - ൽ മറുപടിക്ക്

### മഴക്കാലജന്യ രോഗങ്ങൾ തടയുന്നതിനായി നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ.കെ. ദാസൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) മഴക്കാല ജന്യരോഗങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ, എങ്കിൽ ഇത് തടയുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ, വിശദമാക്കാമോ? | (എ) ഉണ്ട്. കഴിഞ്ഞ രണ്ടുമാസമായി ആലപ്പുഴ ജില്ലയിലും കൊല്ലം ജില്ലയുടെ വടക്കുഭാഗത്തും ജപ്പാൻ ജ്വരം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. കൂടാതെ മലമ്പനി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളുടെ തീരപ്രദേശങ്ങ ളിലും ചെറിയ തോതിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഡെങ്കിപ്പനിയും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. വയറിളക്കരോഗം പാലക്കാട്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ നിന്നും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇവയെല്ലാം നിയന്ത്രണ വിധേയമാണ്. മുൻകരുതൽ നടപടി എന്ന നിലയ്ക്ക് എല്ലാജില്ലകളിലും മഴക്കാലപൂർവ്വ രോഗപ്രതിരോധ പ്രവർത്തനത്തിന് മുൻതൂക്കം നൽകുന്നതിന് നിർദ്ദേശം നൽകുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. ജൂൺ 6 മുതൽ 12 വരെ വയറിളക്കരോഗ നിവാരണ വാരം ആചരിച്ചു. ഇതിന്റെ ഭാഗമായി ആരോഗ്യ ബോധവത്ക്കരണ ക്യാമ്പും നടത്തുകയുണ്ടായി. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി സംസ്ഥാ നതലത്തിലും ജില്ലാതലങ്ങളിലും വിവിധ വകുപ്പുകളുടേയും ആരോഗ്യ പ്രവർത്തകരുടേയും ജനനേതാക്കളുടേയും സംയുക്ത യോഗം കൂടുകയും ഇതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജനം, കൊതുക് കൂത്താടി നശീകരണം, കുടിവെള്ള |

| | |
|---|---|
| | ജലസ്രോതസ്സുകളുടെ ക്ലോറിനേഷൻ എന്നിവ പല സ്ഥലങ്ങളിലും നടന്നുവരുന്നു. ഇതിനു പുറമെ ഫോഗിംങ്, സ്പ്രേയിംങ് എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ നടത്തിവരുന്നു. രോഗ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങളിൽ സംഭരിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ഹോസ്പിറ്റലുകളിൽ ഇതിനാവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരി ക്കുമോ? | (ബി) പ്രൈമറി ഹെൽത്ത് സെന്റർ മുതൽ ആരോഗ്യ വകുപ്പിന്റെ കീഴിലുളള വിവിധ ആശുപത്രികളിൽ വരെ ആവശ്യമായ മരുന്നുകൾ ശേഖരിച്ചിട്ടുണ്ട്. |
| (സി) ആരോഗ്യവകുപ്പിന്റെ കീഴിൽ മൊബൈൽ ക്ലീനിക്കുകൾ . പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ക്ലീനിക്കുകളുടെ പ്രവർത്തനം മഴക്കാലജന്യരോഗങ്ങൾ തടയുന്നതിനായി പിന്നോക്കജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) ആരോഗ്യ വകുപ്പിന്റെ കീഴിൽ ഇപ്പോൾ ആദിവാസിമേഖലകളിൽ മാത്രമാണ് മൊബൈൽ ക്ലീനിക്കുകൾ പ്രവർത്തിക്കുന്നത്. മഴക്കാലത്ത് പനി, കൊതുകുജന്യ രോഗങ്ങൾ എന്നിവ കൂടുതലായി കാണപ്പെടുകയാണെങ്കിൽ ആസ്ഥലങ്ങളിലെല്ലാം മൊബൈൽ ക്ലീനിക്കുകൾ തുടങ്ങാൻ വേണ്ട നിർദ്ദേശം നല്കിയിട്ടുണ്ട്. |

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:78 29.06.2011- ലെ മറുപടി

പൊതുജനഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. സി. മോയിൻകുട്ടി
ശ്രീ. പി. ഉബൈദുള്ള
ശ്രീ. പി. കെ. ബഷീർ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പൊതുജനഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനും കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ; | (എ) | സംസ്ഥാനത്തെ പൊതുജനഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനും കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പുതിയ ബസുകൾ നിരത്തിലിറക്കുന്നതിനും പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചു വരുന്നു. ടൗൺ ടു-ടൗൺ ചെയിൻ സർവ്വീസ് ബസുകൾ, വേണാട് ലിമിറ്റഡ് സ്റ്റോപ്പ്/ഓർഡിനറി ബസുകൾ എന്നിവ കൂടുതൽ ഓടിക്കുന്നതിന് നടപടി എടുത്തുവരുന്നുണ്ട്. 1000 പുതിയ ബസുകൾ നിരത്തിലിറക്കുന്നതോടുകൂടി 500 പുതിയ ഷെഡ്യൂളുകൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പൊതുഗതാഗത രംഗത്ത് നിലവിൽ 27% ആണ് കെ.എസ്.ആർ.ടി.സി യുടെ പങ്ക്. 2016-ഓടുകൂടി പൊതു ഗതാഗതരംഗത്ത് 37% പങ്കാളിത്തമാണ് കെ.എസ്.ആർ.ടി.സി ലക്ഷ്യമിട്ടിരിക്കുന്നത്. വർക്ക്ഷോപ്പുകളിലും ഡിപ്പോകളിലുമായി ഡോക്കിലുള്ള |

| | | | |
|---|---|---|---|
| | | | ബസുകൾ എത്രയും പെട്ടെന്ന്<br>നിരത്തിലിറക്കുവാനുള്ള<br>നടപടികൾ സ്വീകരിച്ചു<br>വരികയാണ്. ഡ്രൈവർമാരുടെ<br>കുറവ് പരിഹരിക്കുന്നതിനായി<br>എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്<br>മുഖേന ഡ്രൈവർമാരെ<br>നിയമിക്കുന്നതിന് നടപടി<br>എടുത്തിട്ടുണ്ട്. കൂടാതെ<br>പ്രതിവർഷം 500 പുതിയ<br>ഷെഡ്യൂൾ എന്ന ലക്ഷ്യമിട്ട്<br>2016-ഓടെ അഞ്ച് വർഷത്തിനകം<br>2500 പുതിയ ഷെഡ്യൂളുകൾ<br>ആരംഭിക്കുന്നതിനാണ്<br>ഉദ്ദേശിക്കുന്നത്. യാത്രക്കാരുടെ<br>വർദ്ധനവ് കണക്കിലെടുത്ത്<br>കൂടുതൽ സർവ്വീസുകൾ<br>ആരംഭിക്കുന്നതിന്<br>തമിഴ്നാടുമായി അന്തർ-സംസ്ഥാന<br>ഉപ ഉടമ്പടിയിൽ ഏർപ്പെടുന്ന<br>കാര്യം പരിശോധിച്ചു വരുന്നു.<br>എയർ സസ്പെൻഷൻ<br>സൗകര്യമുള്ള പുതിയ 30<br>ദീർഘദൂര എക്സ്പ്രസ് ബസ്<br>സർവ്വീസുകൾ ആരംഭിക്കും.<br>ജവഹർലാൽ നെഹ്റു അർബൻ<br>റിന്യൂവൽ മിഷൻ പ്രകാരം<br>നടപ്പിലാക്കുന്ന ലോ ഫ്ളോർ<br>ബസുകൾ തിരുവനന്തപുരം,<br>എറണാകുളം ജില്ലകളിലെ സമീപ<br>ഡിപ്പോകളിലേക്ക് കൂടി സർവ്വീസ്<br>വ്യാപിപ്പിക്കും. |
| (ബി) | സ്വകാര്യ വാഹനയാത്രക്കാരും,<br>ഉദ്യോഗസ്ഥരും പ്രസ്തുത<br>സംവിധാനം കൂടുതലായി<br>ഉപയോഗപ്പെടുത്താൻ<br>തക്കവിധം, ഷെഡ്യൂളുകളിലും<br>റൂട്ടുകളിലും കാര്യക്ഷമമായ<br>മാറ്റം വരുത്തുമോ; | (ബി) | സ്വകാര്യവാഹനയാത്രക്കാരും<br>ഉദ്യോഗസ്ഥരും<br>കെ.എസ്.ആർ.ടി.സി സംവിധാനം<br>കൂടുതലായി ഉപയോഗപ്പെടുത്താൻ<br>ഷെഡ്യൂളുകളിലും, റൂട്ടുകളിലും<br>കാര്യക്ഷമമായ മാറ്റം<br>വരുത്തുന്നതിനുള്ള നടപടികൾ<br>സ്വീകരിച്ചു വരുന്നു.<br>ജനപ്രതിനിധികളുടെയും,<br>യാത്രക്കാരുടെയും ആവശ്യം<br>പരിഗണിച്ച് ഇതിനകം തന്നെ<br>256-ഓളം ഷെഡ്യൂളുകൾ<br>ജനോപകാരപ്രദമായ രീതിയിൽ<br>പുനഃക്രമീകരിക്കാനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ എടുത്തിട്ടുണ്ട്. |
| (സി) | ഇതിനായി ഒരു സമഗ്രപഠനം നടത്തുമോ; | (സി) | ഷെഡ്യൂളുകളിലും, റൂട്ടുകളിലും കാര്യക്ഷമമായ മാറ്റം വരുത്തുന്നത്, യൂണിറ്റധികാരികളുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലെയും ഒരു പ്രധാനപ്പെട്ട യൂണിറ്റ് ജില്ലാതല അദാലത്ത് കേന്ദ്രമായി പരിഗണിച്ച് പൊതുജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും കേട്ട് പരിഹരിക്കുന്നതിന് നടപടി എടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്. |
| (ഡി) | ബാംഗ്ലൂർ സിറ്റിയിൽ നിലവിലുള്ളത് പോലെ സൗജന്യ നിരക്കിൽ യാത്രാപാസ്സുകളും, പ്രതിമാസ യാത്രാപാസ്സുകളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ഇക്കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 79 — 29/6/2011-ൽ മറുപടിക്ക്

**പട്ടികവർഗ്ഗ ക്ഷേമ നയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. കെ. എം. ഷാജി :<br>ശ്രീ കെ. എൻ. എ. ഖാദർ : | കുമാരി പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും<br>വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ ക്ഷേമപ്രവർത്തന ങ്ങൾക്കായി പുതിയ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കോളനികളിൽ കയറി അവരെ ചൂഷണം ചെയ്യുന്നത് തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ; | (ബി) | പട്ടികവർഗ്ഗക്കാർക്ക് എതിരെ ഉള്ള എല്ലാ പീഡന ശ്രമങ്ങളും തടയുന്നതിന് 1989-ൽ നിലവിൽ വന്ന പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്റ്റ് ആന്റ് പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്റ്റ് പ്രകാരം നടപടിയെടുത്തു വരുന്നുണ്ട്. ആയത് ഒരു പഴുതും നല്കാതെ കർശനമായി നടപ്പാക്കു ന്നതിനുള്ള നടപടികൾ സ്വീകരി ക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിയിലൂടെ അവരുടെ അവകാശങ്ങളെപ്പറ്റി ശക്തമായ അവ ബോധം നൽകുന്നതിനുള്ള പരിപാടി കളും ഉദ്ദേശിക്കുന്നുണ്ട്. സ്വയം രക്ഷയ്ക്കായി പാലക്കാട് ജില്ലയിലെ അട്ടപ്പാടി അഗളിയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് കരാട്ടേ പരിശീലനം, പെർസനാലിറ്റി ഡവലപ്മെന്റ് തുടങ്ങിയ പരിശീലന പാക്കേജ് നടപ്പാക്കിയിരുന്നു. ഇത്തരം പരിശീലന പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | ഈ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ; | (സി) | പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗതമായ തൊഴിൽ മാർഗ്ഗങ്ങൾക്കു പുറമെ ആധുനിക കാലത്തിനനുയോജ്യമായ തൊഴിൽ പരിശീലനം നൽകി |

| | | | |
|---|---|---|---|
| | | | സാമ്പത്തികവും സാംസ്കാരികവുമായ ഉന്നമനത്തിന് ഉതകുന്ന പരിശീലന പരിപാടികൾ ആരംഭിച്ച് നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള യുവതി യുവാക്കളെ കണ്ടെത്തി തിരുവനന്തപുരം കോവളം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി എന്ന സ്ഥാപനം വഴി പരിശീലനം നൽകുകയും പരിശീലനം പൂർത്തിയായവർക്ക് വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ ഇതിനകം ജോലി ലഭ്യമാക്കിയിട്ടുമുണ്ട്. അടുത്ത ബാച്ചുകൾ പരിശീലനം തുടർന്നു വരുന്നു. കൂടാതെ മറ്റു പദ്ധതികളായി 8-ാം തരത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനും മെഡിക്കൽ/ഇഞ്ചിനീയറിംഗ് കോളേജുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിനുമുള്ള പദ്ധതിയും ഉദ്ദേശിക്കുന്നുണ്ട്. എസ്.എസ്.എൽ.സി., പ്ലസ് 2 വിന് എല്ലാ വിഷയത്തിനും എ+ നേടുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകുവാനും ഉദ്ദേശിക്കുന്നു. 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗ് നൽകുന്നതിനും നടപടിയെടുത്തു വരുന്നുണ്ട്. ആറളം ഫാമിൽ ഭൂരഹിതരായ 735 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തിനകം ഭൂമി നൽകുന്നതിനും ഉദ്ദേശിക്കുന്നു. ഇതിനു പുറമെ സംസ്ഥാനത്തെ 100 കോളനികൾ എല്ലാ വിധ സൗകര്യങ്ങളും ലഭ്യമാക്കി മാതൃകാ കോളനികളാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് ചിന്നക്കനാലിലെ പുനരധിവാസ പ്രദേശത്ത് തേയില കൃഷിക്കുള്ള ഒരു |

| | | | |
|---|---|---|---|
| | | | പദ്ധതിയും ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ പട്ടികവർഗ്ഗ കോളനികളേയും സ്വയം പര്യാപ്തമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഈ വിഭാഗങ്ങളുടെ ക്ഷേമത്തിന് ചെലവഴിക്കുന്ന തുക ലക്ഷ്യത്തിലെത്തുന്നു എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ? | (ഡി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിന് ചെലവഴിക്കുന്ന തുക ലക്ഷ്യത്തിലെത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80 — 29.06.2011-ൽ മറുപടിക്ക്

### ജലനിധി പഞ്ചായത്തുകളിൽ നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ചിറ്റയം ഗോപകുമാർ<br>,, മുല്ലക്കര രത്നാകരൻ<br>,, കെ. രാജു<br>,, കെ. അജിത് | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ള വിതരണ മേഖലയിൽ ജലനിധി പദ്ധതിയിലുൾപ്പെടുത്തി എത്ര പുതിയ ചെറുകിട പദ്ധതികൾക്ക് തുടക്കം കുറിച്ചു; ഇതിനകം എത്ര പദ്ധതികൾ പൂർത്തിയാക്കി; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) കുടിവെള്ള വിതരണ മേഖലയിൽ ജലനിധി പദ്ധതിയിൽ 3696 ചെറുകിട പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഇതിൽ 3694 പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള രണ്ട് പദ്ധതികൾ പൂർത്തിയാക്കി കമ്മിഷൻ ചെയ്യുന്നതിന് ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടുണ്ട്. നദികളെ ആസ്പദമാക്കിയുള്ള 16 ബൃഹത് പദ്ധതികളിൽ 14 പദ്ധതികൾ കമ്മീഷൻ ചെയ്തു. ബാക്കിയുള്ള രണ്ട് പദ്ധതികളിൽ പാണഞ്ചേരി (തൃശൂർ) പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. അനക്കട്ടി (പാലക്കാട്) പണി പൂർത്തിയായി കമ്മീഷൻ ചെയ്യാവുന്ന അവസ്ഥയിലാണ്. ഇതുവരെ 1.88 ലക്ഷം കുടുംബങ്ങൾക്ക് (11.11 ലക്ഷം ജനങ്ങൾക്ക്) കുടിവെള്ളം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) ജലനിധി പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾക്കു പുറമെ മറ്റെന്തെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തു പൂർത്തിയാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) ജലനിധി പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾക്ക് പുറമേ 68023 പുതിയ കക്കൂസുകളുടെ നിർമ്മാണവും 24194 ആഴക്കുഴി കക്കൂസുകളുടെ പരിവർത്തനവും 89319 പരിസ്ഥിതി സംരക്ഷണയൂണിറ്റുകളും (സോക്പിറ്റ്, കംപോസ്റ്റ് പിറ്റ്, വെർമികംപോസ്റ്റ്) 68.36 കിലോമീറ്റർ അഴുക്കുചാലിന്റെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 1013 ഭൂഗർഭജല പരിപോഷണ സംവിധാനങ്ങൾ പഞ്ചായ |

ത്തുകളിൽ നടപ്പിലാക്കിട്ടുണ്ട്. ഇതിനുപുറമേ 13.304 മഴവെള്ള സംഭരണയൂണിറ്റുകൾ ഈ പദ്ധതിയിൻ കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഭൂജല വകുപ്പിൻെറ ആഭിമുഖ്യത്തിൽ 'ജലനിധി പഞ്ചായത്തുകളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(സി) സംസ്ഥാനമൊട്ടാകെ ഭൂജലവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ജലനിധി പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളിലും ഭൂജല വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

1. Scheme for Ground water investigation and development.

2. Scheme for conservation & Recharage of ground water.

3. Scheme for control and Regulation of ground water.

4. Hydrology Project (world Bank Assistance)

5. Rajiv Gandhi Drinking Water Project.

I. ഗുണഭോക്താക്കൾക്ക് കുഴൽകിണർ നിർമ്മിച്ചു നൽകുകയും മറ്റു കിണറുകൾ നിർമ്മിക്കുന്നതിനുമുള്ള ശാസ്ത്ര സാങ്കേതിക സഹായങ്ങൾ നൽകുന്നു.

ഗുണഭോക്താക്കളുടെ അപേക്ഷ അനുസരിച്ച് നിശ്ചിത നിരക്ക് ഈടാക്കി കൊണ്ടാണ് കുഴൽ കിണറുകൾ നിർമ്മിച്ചുനൽകുന്നത്

2. കൃത്രിമ ഭൂജല സംഭോഷണത്തിൽ സാദ്ധ്യമാകുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയാണ്. Subsurface dyke—ക്കുകൾ, മഴക്കുഴികൾ തുടങ്ങിയവ നിർമ്മിച്ച് ഭൂജല ശേഖരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്.

3. ഭൂജലത്തിൻെറ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും ആവശ്യമായ നിയമം നടപ്പാക്കുന്നതിനുള്ള പദ്ധതിയാണ്.

4.കേരളത്തിലെ ജലവിഭവങ്ങളെ സംബന്ധിക്കുന്ന Data collection നടത്തുകയും അത് ഉപയോഗിച്ച് കൊണ്ട് Integrated Water Resources Managaement എന്ന നൂതനമായ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള പദ്ധതിയാണ്. ലോകബാങ്ക് സഹായത്തോടുകൂടി നടപ്പാക്കുന്നു.

5. മറ്റു ജല വിതരണ പദ്ധതികളൊന്നും ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായിട്ട് കുഴൽ കിണറുകൾ ഉൾപ്പെടെയുള്ള ജല സ്രോതസ്സുകൾ ഉപയോഗിച്ചുകൊണ്ട് ചെറുകിട ജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നു. ഗുണഭോക്താക്കളുടെ സഹായത്തോടുകൂടി ഭാവിനടത്തിപ്പ് അവരുടെ ചുമതലയിൽ വിട്ടുകൊടുക്കുന്ന ഒരു പ്രവർത്തന രീതിയാണ് ഈ പദ്ധതിയ്ക്കുള്ളത്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81 — 29.06.2011-ൽ മറുപടിക്ക്

## ദേശീയ ഗ്രാമീണാരോഗ്യ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഗീതാഗോപി | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഗ്രാമീണാരോഗ്യ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് എന്ന് മുതലാണ് ; | (എ) ദേശീയ ഗ്രാമീണാരോഗ്യ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് ഏപ്രിൽ 2005 മുതലാണ്. |
| (ബി) ഈ പദ്ധതി ആരംഭിച്ചതുമുതൽ ഓരോ വർഷവും നടപ്പാക്കിയ പരിപാടികൾ എന്തെല്ലാമായിരുന്നു വെന്ന് വ്യക്തമാക്കാമോ ; | (ബി) എൻ.ആർ.എച്ച്.എം പദ്ധതി ആരംഭിച്ചതുമുതൽ നടപ്പിലാക്കിയ പരിപാടികൾ :<br>• ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ<br>• സ്കൂൾ ആരോഗ്യ പദ്ധതി<br>• ആശാ പദ്ധതി<br>• പാലിയേറ്റീവ് കെയർ പദ്ധതി<br>• നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് പ്രോഗ്രാം<br>• ജെന്റർ ബെയ്സ്ഡ് വയലൻസ് മാനേജ്മെന്റ് പ്രോഗ്രാം<br>• ജനനീ സുരക്ഷായോജന (JSY)<br>• പശ്ചാത്തല സൗകര്യ വികസനം<br>• സുനാമി പുനരധിവാസ പദ്ധതി<br>• കേരള എമർജൻസി മെഡിക്കൽ പ്രോജക്ട്<br>• ആരോഗ്യസ്ഥാപനങ്ങളുടെ ഉന്നമനത്തിനായി ഉപാധിരഹിത ഫണ്ടുകൾ, മെയിന്റനൻസ് ഗ്രാന്റ്, ഹോസ്പിറ്റൽ മാനേജ്മെന്റ് സമിതി ഗ്രാന്റുകൾ എന്നിവ വർഷംതോറും നൽകിവരുന്നു.<br>• ആരോഗ്യ വിവര സാങ്കേതിക സംവിധാനം (Health Management Information System-HMIS)<br>• ഇ.ബാങ്കിങ് സംവിധാനം<br>• ആർ.എസ്.ബി.വൈ പദ്ധതിയിലൂടെ ആശുപത്രികൾക്ക് സാമ്പത്തിക സഹായം<br>• റേഡിയോ ഹെൽത്ത് |

- നിർബന്ധിത ഗ്രാമീണസേവനം
- ആയുഷ് (AYUSH)
- മൊബൈൽ മെഡിക്കൽ യൂണിറ്റ്
- അർബൻ ആർ.സി.എച്ച്
- ട്രൈബൽ ഹെൽത്ത്
- സിക്കിൾസെൽ അനീമിയ
- ഹ്യൂമൺ റിസോഴ്സ്

(സി) ഈ പദ്ധതിപ്രകാരം ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) 2007-'08 മുതൽ ഓരോ വർഷവും വാർഡുതല ശുചിത്വ കമ്മിറ്റികൾക്ക് ജില്ലാ സൊസൈറ്റികൾ മുഖേന അനുവദിച്ച തുക താഴെ പറയുന്ന പ്രകാരമാണ്:

| Rs.in crores | | |
|---|---|---|
| **Year** | **Amount Disbursed to WHSC** | **Amount Utilised** |
| 2007-08 | 14.14 | 7.02 |
| 2008-09 | 12.41 | 15.36 |
| 2009-10 | 8.69 | 12.39 |
| 2010-11 | 16.34 | 10.27 |
| **Total** | **51.59** | **45.05** |

(ഡി) ഈ പദ്ധതി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ കാര്യക്ഷമമായി സംസ്ഥാനത്ത് നടപ്പാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ പദ്ധതി കാര്യക്ഷമമായി തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>(ഡി) & (ഇ)</u>:

ഈ പദ്ധതി കാര്യക്ഷമമായാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.82 29.06.2011 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ അണക്കെട്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ :<br>ശ്രീ. ഇ.പി.ജയരാജൻ:<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ.സാജു പോൾ | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ മന്ത്രി) |

| | |
|---|---|
| (എ) ദുർബലാവസ്ഥയിലുള്ള മുല്ലപ്പെരിയാർ അണക്കെട്ടിനു പകരം പുതിയ ഡാം നിർമ്മിക്കാനുള്ള ശ്രമം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇതിനായുള്ള സർവ്വേകൾ പൂർത്തിയായിട്ടുണ്ടോ ; | (എ) ദുർബലാവസ്ഥയിലുള്ള മുല്ലപ്പെരിയാർ അണക്കെട്ടിനു പകരം പുതിയ ഡാം നിർമ്മിക്കുന്നതിന്റെ ഭാഗമായി പഴയ ഡാമിൽ നിന്നും 366 മീറ്റർ താഴെയായി പുതിയ ഡാമിനു വേണ്ടിയുള്ള അലൈൻമെന്റ് നിശ്ചയിക്കുകയും ആവശ്യമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ ഡാമിന്റെ രൂപകല്പന പൂർത്തിയാക്കുകയും ചെയ്തു. പുതിയ ഡാമിനു വേണ്ടിയുള്ള കരട് ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് പരിശോധനയിലാണ്.<br><br>പുതിയ ഡാം നിർമ്മിക്കുന്നതിന്റെ മുന്നോടിയായുള്ള സാധ്യതാ പഠനവും പൂർത്തിയായി |

| | |
|---|---|
| (ബി) ഡാം നിർമ്മിക്കാൻ ഉന്നതാധികാര സമിതിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ ; | (ബി) ബഹു. സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചാണ് ഉന്നതാധികാര സമിതിയെ നിയോഗിച്ചത്. അതുകൊണ്ട് തന്നെ ഉന്നതാധികാര സമിതി സുപ്രീം കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കും. സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചാകും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നത്. |
| (സി) സാങ്കേതിക കാര്യങ്ങൾ പഠിച്ച് ഉപദേശിക്കാൻ രൂപീകരിക്കപ്പെട്ട കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഇതിനകമുള്ള പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ? | (സി ) കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന്റെ താൽപര്യത്തിന് ഹാനികരമാകുന്ന തീരുമാനങ്ങളെ സംബന്ധിച്ച് അപ്പപ്പോൾ തന്നെ എതിർപ്പ് ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83      29.06.2011-ൽ മറുപടിയ്ക്ക്

## ഭൂഗർഭജലത്തിന്റെ അമിത ഉപയോഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. എം.പി.അബ്ദുള്ളക്കുട്ടി : | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |

| | |
| --- | --- |
| എ) സംസ്ഥാനത്ത് ഭൂഗർഭജലം അമിതമായി ഉപയോഗിക്കുന്ന എത്ര പ്രദേശങ്ങൾ ഉണ്ട്; | എ) സംസ്ഥാനത്ത് അമിതമായി ഭൂഗർഭജലം ഉപയോഗിക്കുന്ന 5 ബ്ലോക്കുകളാണുള്ളത്. അത്തരം ബ്ലോക്കുകളെ വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട്, പാലക്കാട് ജില്ലയിലെ ചിറ്റൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ എന്നീ ബ്ലോക്കുകളെയാണ് വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളത്. |
| ബി) അവിടങ്ങളിൽ ജലത്തിന്റെ അമിത വിനിയോഗത്തിന് കാരണം എന്താണെന്ന് വിശദമാക്കുമോ; | ബി) ജലസേചനത്തിനായുള്ള കൂടിയ തോതിലുള്ള ഉപയോഗം. തുടർച്ചയായ പമ്പിംഗ്. ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി ഗാർഹികാവശ്യത്തിനുള്ള വർദ്ധനവ്, ജീവിതരീതികളിലെ വ്യത്യാസം, കൃത്രിമ ഭൂജല സംപോഷണ പദ്ധതികളുടെ കുറവ്, ഉപരിതല ജലത്തിന്റെ അഭാവം എന്നിവയാണ് അവിടങ്ങളിലെ ജലത്തിന്റെ അമിത വിനിയോഗത്തിനുള്ള പ്രധാന കാരണങ്ങൾ. |
| സി) പ്രസ്തുത പ്രദേശങ്ങളിൽ കൂടുതൽ ജലം ഭൂഗർഭത്തിൽ ഉണ്ടാകുന്നതിന് എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | സി) പ്രസ്തുത പ്രദേശങ്ങളിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതി പ്രകാരം ചെറിയ ചെക്ക് ഡാമുകൾ, അടിയണകൾ, കിണർ റീചാർജ്ജ്, മഴക്കുഴികൾ എന്നിവ നിർമ്മിച്ചു വരുന്നുണ്ട്. മാത്രമല്ല ജനങ്ങൾക്ക് അവബോധം വളർത്തുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 84 — 29-06-2011-ൽ മറുപടിയ്ക്ക്

**കടലാക്രമണവും കരയിടിച്ചിലും**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.വി.അബ്ദുൽ ഖാദർ<br>ശ്രീ.കെ.ദാസൻ | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തീരദേശങ്ങളുടെ പകുതിയിലേറെയും കരയിടിച്ചിലിന് വിധേയമായി കൊണ്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) തീരപ്രദേശം ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ ആയതിനാൽ കടലാക്രമണം മൂലമുള്ള നാശ നഷ്ടങ്ങളും വളരെ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) എങ്കിൽ തീരദേശ സംരക്ഷണത്തിനായി തുടങ്ങി വെച്ച പദ്ധതികൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) സ്വീകരിച്ച് വരുന്നുണ്ട് |
| (ഡി) മുൻ സർക്കാരിന്റെ കാലയളവിൽ തീരദേശത്ത് നടപ്പിലാക്കിയ പദ്ധതികളുടെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ വിശദമാക്കുമോ? | (ഡി) മുൻ സർക്കാരിന്റെ കാലയളവിൽ പ്രധാനമായും 12-ാം ധനകാര്യ കമ്മീഷൻ അവാർഡ്, സുനാമി പുനരധിവാസ പദ്ധതി, ഗംഗാതട സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള അടിയന്തിര കടലാക്രമണ പ്രതിരോധ പദ്ധതി എന്നീ സ്കീമുകളിൽപ്പെടുത്തിയാണ് കടൽഭിത്തിയുടെ നിർമ്മാണവും പുനരുദ്ധാരണവും പുലിമുട്ടുകളുടെ നിർമ്മാണവും പൂർത്തിയാക്കിയത്. മേൽ സ്കീമുകളിലെല്ലാം കൂടി ആകെ 22.848 കി.മീ നീളത്തിൽ പുതിയ കടൽ ഭിത്തിയുടെ നിർമ്മാണവും 77.471 കി.മീ നീളത്തിൽ നിലവിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണവും പൂർത്തിയാക്കി. കൂടാതെ 35 പുലിമുട്ടുകളും നിർമ്മിച്ചു. ഇവയെല്ലാമായി ആകെ 299.12 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85 — 29/06/2011-ൽ മറുപടിയ്ക്ക്

### സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്നിന്റെ പർച്ചേസ് നയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ. കെ. എൻ.എ. ഖാദർ: | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിന് അനുവർത്തിച്ചുവരുന്ന പർച്ചേസ് നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) | ഇല്ല |
| (ബി) | നടപടിക്രമങ്ങൾ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ; | | |
| (സി) | ഇപ്രകാരം വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാനും ഉറപ്പുവരുത്താനും കുറ്റമറ്റ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്. കേന്ദ്ര ഡ്രഗ്സ് ആൻറ് കോസ്മെറ്റിക്സ് റൂൾസ് നിഷ്ക്കർഷിക്കുന്ന ഗുണനിലവാര പരിശോധനാ നടപടികൾ ഉറപ്പാക്കിയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നു സംഭരണം നടത്തുന്നത്. ഇതിനായുള്ള നിർദ്ദേശങ്ങൾ ടെണ്ടർ വ്യവസ്ഥയിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. മരുന്നു വിതരണത്തിനായി ടെണ്ടർ സമർപ്പിക്കുന്ന കമ്പനികളുടെ ലൈസൻസ്, മുൻ മൂന്നുവർഷക്കാലം ടെണ്ടറിൽ ക്വാട്ട് ചെയ്തിട്ടുള്ള മരുന്ന് നിർമ്മിച്ച് വിതരണം ചെയ്തിരുന്നു എന്ന് തെളിയിക്കുന്ന മാർക്കറ്റ് സ്റ്റാൻഡിംഗ് സർട്ടിഫിക്കറ്റ്, നോൺ കൺവിക്ഷൻ സർട്ടിഫിക്കറ്റ്, വാർഷിക വിറ്റുവരവ് തുടങ്ങിയ രേഖകൾ ടെണ്ടർ ഉറപ്പിക്കുന്നതിന് മുമ്പ് ഒരു വിദഗ്ധ സമിതി പരിശോധിച്ച് ഉറപ്പുവരുത്തുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ തന്നെയാണ് അവ പ്രവർത്തിക്കുന്നതെന്നും |

കേന്ദ്ര ഡ്രഗ്സ് ആൻറ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ-എം ൽ പറഞ്ഞിട്ടുള്ള ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് (ജി.എം.പി) നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാനായി ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ ഫാക്ടറികൾ മൂന്ന് വർഷത്തിലൊരിക്കൽ കോർപ്പറേഷൻ നിയോഗിക്കുന്ന വിദഗ്ധസമിതി പരിശോധിച്ച് ഉറപ്പുവരുത്തുന്നു.

ടെണ്ടർ ഉറപ്പാക്കിയതിനുശേഷം നൽകുന്ന ഓർഡറുകൾ പ്രകാരം വിതരണം ചെയ്യുന്ന മരുന്നുകളോടൊപ്പം അവയുടെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റുകളും സപ്ളൈർ ഹാജരാക്കേണ്ടതാണ്. വെയർ ഹൗസുകളിൽ ലഭിക്കുന്ന ഓരോ ബാച്ച്മരുന്നുകളുടെ സാമ്പിളുകൾ കോർപ്പറേഷൻ ശേഖരിച്ച് രഹസ്യകോഡുകൾ നൽകി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള സർക്കാർ അംഗീകൃത ലാബുകളിൽ പരിശോധിച്ച് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. പ്രസ്തുത പരിശോധനയിൽ നിശ്ചിത ഗുണനിലവാരമില്ലെന്നു തെളിയുന്ന മരുന്നുകളുടെ സാമ്പിളുകൾ ഒരിക്കൽകൂടി ശേഖരിച്ച് സംസ്ഥാന സർക്കാർ ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും നിശ്ചിത യോഗ്യതയില്ലാത്തവയെന്നു തെളിയുന്ന ബാച്ച് മരുന്നുകൾ നിരസിക്കുകയും വിതരണക്കാരുടെ മേൽ ടെണ്ടർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഡി) മരുന്നുകളുടെ വിതരണ സംവിധാനം വിശദീകരിക്കാമോ;

(ഡി) മരുന്നുകളുടെ ആവശ്യം സംബന്ധിച്ച് ഓരോ ആശുപത്രിയും സമർപ്പിക്കുന്ന വാർഷിക ഇൻഡൻറുകളുടെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകൾ മുൻകൂർ തയ്യാറാക്കുന്ന ഒരു നിശ്ചിത ഷെഡ്യൂൾ പ്രകാരം കോർപ്പറേഷൻെറ ജില്ലാ വെയർഹൗസുകളിൽ നിന്നും വിതരണം ചെയ്യുന്നു. ഇതു കൂടാതെ അടിയന്തിര സാഹചര്യങ്ങളിൽ അധികമായി മരുന്ന് ആവശ്യമായി വരുമ്പോൾ അവയും ആശുപത്രികൾക്ക് നൽകാറുണ്ട്.

(ഇ) മെയിൻ സ്റ്റോറുകളിൽ സ്റ്റോക്കുണ്ടായിരിക്കുകയും ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമല്ലാതിരി

(ഇ) ആശുപത്രികളിൽ മരുന്ന് വിതരണത്തിനായി എല്ലാ ജില്ലകളിലും കോർപ്പറേഷൻെറ വെയർഹൗസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ

| | | | |
|---|---|---|---|
| | ക്കുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; | | സ്റ്റോക്ക് നിലവാരവും പ്രവർത്തനവും ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ ആൻറ് മാനേജ്മെൻറ് സിസ്റ്റം (DDMS) എന്ന കംപ്യൂട്ടർ സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു വെയർഹൗസിലെ സ്റ്റോക്കിൽ കുറവുണ്ടായാൽ മറ്റ് വെയർ ഹൗസുകളിൽ നിന്നും ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ട്. മരുന്നുകളുടെ സ്റ്റോക്ക് നിലവാരം നിരീക്ഷിച്ച് ആവശ്യമുള്ളപ്പോൾ വേണ്ടത്ര ഓർഡറുകൾ നൽകി കുറവുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നു. |
| (എഫ്) | കാലാവധി കഴിയുന്ന മരുന്നുകളുടെ ഡിസ്പോസൽ സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ; | (എഫ്) | 75% എങ്കിലും ഷെൽഫ് ലൈഫ് (കാലാവധി) ഉള്ള മരുന്നുകൾ മാത്രമേ കോർപ്പറേഷൻ സ്റ്റോക്കിൽ എടുക്കാറുള്ളൂ. ഫസ്റ്റ് എക്സ്പൈറി ഫസ്റ്റ് ഔട്ട് (FEFO) സംവിധാനത്തിലൂടെയാണ് കോർപ്പറേഷന്റെ വെയർ ഹൗസുകൾക്ക് മരുന്ന് വിതരണം നടത്തുന്നത്. കാലാവധി കഴിയുന്നതിന് വളരെ മുമ്പ് തന്നെ ഈ സംവിധാന പ്രകാരം മരുന്നുകൾ ആശുപത്രികൾക്ക് വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്.<br>കാലാവധി കഴിയുന്ന മരുന്നുകൾ ഉണ്ടായാൽ അവ നശിപ്പിക്കുന്നതിനു തീരുമാനമെടുക്കാനായി ജില്ലാ മെഡിക്കൽ ഓഫീസർ ചെയർമാനും ഡ്രഗ്സ് ഇൻസ്പെക്ടർ, ജില്ലാ വെയർഹൗസ് മാനേജർ, മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി എന്നിവർ അടങ്ങിയ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻമെഡിക്കൽ അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 'ഇമേജ്' എന്ന സ്ഥാപനം മുഖേനയാണ് ഇത്തരം മരുന്നുകൾ നശിപ്പിക്കുന്നത്. |
| (ജി) | 2010-11 വർഷത്തിൽ മരുന്നു വാങ്ങിയ ഇനത്തിൽ എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ? | (ജി) | 2010-11 വർഷത്തിൽ മരുന്നു വാങ്ങിയ ഇനത്തിൽ 133.02 കോടി രൂപ സപ്ലൈയർമാർക്ക് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86. 29.06.2011-ൽ മറുപടിക്ക്.

## റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ:<br>ശ്രീ. വി. എസ്. സുനിൽ കുമാർ:<br>ശ്രീ. ചിറ്റയം ഗോപകുമാർ:<br>ശ്രീ. ഇ. കെ. വിജയൻ: | | ശ്രീ. വി.എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2005-ന് ശേഷം റോഡപകടങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നതായിട്ടാണ് പോലീസ് വകുപ്പിന്റെ ക്രൈം റിക്കോഡ്സ് ബ്യൂറോയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്.<br>ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br>**വർഷം** — **അപകടങ്ങളുടെ എണ്ണം**<br>2008 - 37263<br>2009 - 35433<br>2010 - 35046<br>2011 (മേയ് വരെ) - 15253 |
| (ബി) | സംസ്ഥാന റോഡ് സേഫ്റ്റി അതോറിട്ടിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | 2007-ലെ കേരളാ റോഡ് സുരക്ഷാ അതോറിറ്റി ആക്ട് പ്രകാരം ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് കേരളാ റോഡ് സുരക്ഷാ അതോറിറ്റി യിൽ നിക്ഷിപ്തമായിരിക്കുന്നത്.<br>(എ) റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക.<br>(ബി) റോഡ് സുരക്ഷാ നിലവാരവും |

| | | | |
|---|---|---|---|
| | | | നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.<br>(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്റ്റുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക.<br>(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക.<br>(ഇ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഫണ്ട് അനുവദിയ്ക്കുക. |
| (സി) | റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി ഒരു വർഷം ശരാശരി എന്തു തുക ചെലവഴിക്കുന്നുണ്ടെന്നറിയിക്കുമോ; | (സി) | കേരളാ റോഡ് സുരക്ഷാ അതോറിറ്റി പൊതുമരാമത്ത് വകുപ്പ്, പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, നാറ്റ്പാക്ക്, കെൽട്രോൺ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടാണ് റോഡ് സുരക്ഷാ പ്രവർത്തനം നടത്തുന്നത്. വിവിധ വകുപ്പുകൾക്കായി 2010-2011 സാമ്പത്തിക വർഷം 60009582/- (ആറ് കോടി ഒൻപതിനായിരത്തി അഞ്ഞൂറ്റി എൺപത്തി രണ്ട്) രൂപയാണ് അനുവദിച്ചത്.<br>2011-2012 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി വിവിധ വകുപ്പുകൾക്ക് 16,3274952/-(പതിനാറ് കോടി മുപ്പത്തിരണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി തൊള്ളായിരത്തി അമ്പത്തിരണ്ടു രൂപ മാത്രം) രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.<br>കൂടാതെ വിവിധ പദ്ധതികൾക്കായി 366472144/- (മുപ്പത്തിയാറ് കോടി അറുപത്തിനാല് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി ഒരുനൂറ്റി നാൽപ്പത്തിനാല് രൂപ മാത്രം) രൂപ വിവിധ വകുപ്പുകൾക്ക് ഈ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം അനുവദിക്കുവാൻ കേരള റോഡ് സുരക്ഷ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | **1) അപകട സാദ്ധ്യതാമേഖല (Accident Prone Area) യും അതീവ അപകട സാദ്ധ്യത മേഖലയും. (Black Spots)**<br>റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവരകണക്കുകൾ വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാദ്ധ്യത മേഖലകളും (Accidents Prone Area) 217 അതീവ അപകട സാദ്ധ്യത മേഖലകളും (Black Spots) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ അപകടകാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**2) മാതൃകാ റോഡ് പദ്ധതി**<br>സംസ്ഥാനത്തെ തിരഞ്ഞെടുത്ത ആറ് പാതകളെ അപകട വിമുക്ത മാതൃകാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുകയും ട്രാഫിക് സിഗ്നൽ ലൈറ്റുകളും, സൈൻ - ബോർഡുകളും, അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗത കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ പുരോഗമിച്ച് വരുന്നു.<br>**3) റോഡ് സുരക്ഷാ ബോധവൽക്കരണം**<br>റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി ടെലിവിഷൻ വഴി ഫിലിമുകൾ സംപ്രേക്ഷണം ചെയ്യുകയും എഫ്.എം. റേഡിയോ മുഖേന ബോധവൽക്കരണ |

പരിപാടികൾ നടത്തുകയും ചെയ്യു.
ദൃശ്യ - ശ്രാവ്യ അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡ് സുരക്ഷയെ പറ്റി പൊതു ജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്ക്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**4) റോഡ് സുരക്ഷാ ക്ലബ്ബ്**

റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ/ കോളേജുകളിൽ 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്കൂൾ/ കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**5) റോഡ് സുരക്ഷാ പ്രോജക്റ്റും, ഗവേഷണവും**

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ-മധുര, അമ്പലപ്പുഴ - തിരുവല്ല, അർത്തുങ്കൽ - ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു. സംസ്ഥാനത്തിന്റെ റോഡ് സുരക്ഷാ നയത്തിന്റെ കരട് തയ്യാറാക്കുവാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**6) ട്രോമാകെയർ**

ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ച് വരുന്നു. ആംബുലൻസ് വാങ്ങുന്നതിലേയ്ക്കായും,

| | | | |
|---|---|---|---|
| | | | കുറ്റിപ്പുറം, വടകര, പയ്യന്നൂർ, കായംകുളം, പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സെന്ററുകൾ ആരംഭിക്കുവാൻ ആരോഗ്യവകുപ്പിന് മതിയായ ഫണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്.<br>**7) പരസ്യ ബോർഡുകൾ**<br>അപകടത്തിന് കാരണമായേക്കാവുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തി.<br>**8) അപകടാനന്തര അന്വേഷണം**<br>അപകടം സംഭവിക്കുമ്പോൾ മൂന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അപകടകാരണങ്ങൾ വ്യക്തമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പി.യും, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന കമ്മിറ്റിയെ കെ.ആർ.എസ്.എ നിയോഗിച്ചിട്ടുണ്ട്.<br>**9)ദശവത്സര റോഡ് സുരക്ഷാ പദ്ധതി**<br>റോഡ് സുരക്ഷയ്ക്കായുള്ള 2011-2020 ദശകത്തിലേക്കുള്ള പൊതുവായ റോഡ് സുരക്ഷാ പരിപാടികൾ നടത്തിക്കുന്നതിനായി വിവിധ വകുപ്പുകൾ റോഡ് സുരക്ഷാ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. 2020-ഓടെ വാഹന ദുരന്തങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പരിപാടികൾക്കായി പൊതുമരാമത്ത് വകുപ്പ്, പോലീസ് ഡിപ്പാർട്ടുമെന്റ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്, നാറ്റ്പാക്, കെൽട്രോൺ എന്നീ വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കുവാൻ റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസ് വകുപ്പും പല പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ട്രാഫിക്ക് നിയമങ്ങളുടെയും, ചട്ടങ്ങളുടെയും നടപ്പാക്കൽ വഴിയും ആധുനിക ട്രാഫിക് ഉപകരണങ്ങൾ, ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികളുടെ രൂപീകരണം, ഡിജിറ്റൽ ട്രാഫിക്ക് മൊബൈൽ പാർക്കുകൾ എന്നിവ വഴിയും ഹോം ഗാർഡുകളെ ട്രാഫിക് കൺട്രോൾ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്ന വഴിയും പദ്ധതികൾ വിജയകരമായി നടപ്പിലാക്കികൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87 | 29.06.2011-ൽ മറുപടിക്ക്

## ആരോഗ്യരംഗത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ കരൾ, വൃക്ക തുടങ്ങിയവയെ ബാധിക്കുന്ന രോഗങ്ങളുടെയും കാൻസർ തുടങ്ങിയ രോഗങ്ങളുടെയും തോത് ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ കേരളം രോഗഗ്രസ്തമാകുന്നതിനുള്ള കാരണം വെളിപ്പെടുത്താമോ ; | (ബി) കേരളത്തിലെ ജനങ്ങൾക്ക് ജീവിതശൈലിയിൽ വന്ന മാറ്റവും അതിനെത്തുടർന്നുണ്ടായ രോഗങ്ങളും, അമിതവളം, കീടനാശിനിപ്രയോഗം, അമിത മദ്യപാനം, പുകയിലയുടെ ഉപയോഗം, അന്തരീക്ഷ മലിനീകരണം, പരിസ്ഥിതി മലിനീകരണം, പാരിസ്ഥിതിക വ്യതിയാനങ്ങൾ, അശാസ്ത്രീയമായ ഭക്ഷണക്രമം എന്നിവയൊക്കെയാണ് കേരളം രോഗഗ്രസ്തമാകുന്നതിനുള്ള പ്രധാന കാരണങ്ങൾ. |
| (സി) ആരോഗ്യരംഗത്തെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എന്ത് പുതിയ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ? | (സി) മദ്യപാനം, പുകയിലയുടെ ഉപയോഗം എന്നിവയിൽ നിന്ന് ജനങ്ങളെ അകറ്റുന്നതിനായുള്ള ബോധവൽക്കരണം, സ്കൂൾതലത്തിൽ തന്നെ കുട്ടികളെ ബോധവൽക്കരിക്കൽ, പാഠ്യവിഷയത്തിൽ ആരോഗ്യ വിഷയങ്ങൾ ഉൾപ്പെടുത്തൽ എന്നിവയൊക്കെ കൂടുതൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിൽ കമ്മ്യൂണിറ്റി തലത്തിലും, തൊഴിൽമേഖല, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ചും മെഡിക്കൽ ക്യാമ്പുകൾ വഴി ഇതേക്കുറിച്ചുള്ള ബോധവൽക്കരണം നടത്തിവരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗ്യാസ്ട്രോ എന്ററോളജി, നെഫ്രോളജി തുടങ്ങിയ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ വഴിയും ഇതിനായുള്ള പ്രത്യേക ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ലോകാരോഗ്യ |

സംഘടനയുടെ " ക്വിറ്റ് ടുബാക്കോ പ്രോജക്ടിന്റെ" ഭാഗമായുള്ള ക്ലിനിക്ക് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസുമായി സഹകരിച്ചുകൊണ്ട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിൽ നടത്തിവരുന്നു. ഇതോടൊപ്പം ജീവിതശൈലി രോഗ നിയന്ത്രണ പ്രോജക്ടിന്റെ (എൻ.സി.ഡി) ഭാഗമായി 14 ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് ട്രെയിനിംഗ് നൽകിവരുന്നു. ക്യാൻസർ രോഗ നിർണ്ണയത്തിനും, ചികിത്സയ്ക്കും ബോധവത്ക്കരണ പ്രവർത്തനങ്ങളും, ഫീൽഡ് തല ക്യാമ്പുകളും സംഘടിപ്പിക്കുന്നത് അടക്കമുള്ള കാര്യങ്ങൾക്ക് പുതിയ പ്ലാൻ സ്കീമായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ആരംഭദിശയിൽ തന്നെ രോഗനിർണ്ണയം നടത്തി വേണ്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആർ.സി.സിയിൽ മുൻകൂർ ക്യാൻസർ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ക്യാൻസറിന് കാരണമാകുന്ന പുകവലി, മദ്യപാനം, പാൻമസാല യുടെ ഉപയോഗം എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനും ഇതിനെക്കുറിച്ച് സാധാരണ ജനങ്ങളെ ബോധവാൻമാരാക്കുന്നതിനുമുള്ള ബോധ വൽക്കരണ ക്ലാസ്സുകളും ആർ.സി.സിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 88

29.06.2011- ലെ മറുപടിക്ക്

## സ്കൂൾ വാഹനങ്ങൾക്കുള്ള നിയന്ത്രണങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ കെ.സുരേഷ് കുറുപ്പ്<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, എ.പ്രദീപ്കുമാർ<br>,, ബി.ഡി.ദേവസ്സി | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) സ്കൂൾ ബസ്സുകൾക്കും വിദ്യാലയങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന മറ്റ് വാഹനങ്ങൾക്കും ഏർപ്പെടുത്തിയിരുന്ന സുരക്ഷാ നിയന്ത്രണങ്ങൾ എന്തെല്ലാമാണ്; അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ; | (എ) സ്കൂൾ ബസുകളിൽ താഴെ പറയുന്ന സുരക്ഷാ ക്രമീകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണെന്ന് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്.<br>1. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിലുള്ളതോ, വിദ്യാഭ്യാസ സ്ഥാപനം വാടകയ്ക്കെടുത്തതോ ആയ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർക്ക് ഡ്രൈവിംഗിൽ 10 വർഷത്തിൽ കുറയാത്ത അനുഭവ പരിജ്ഞാനം ഉണ്ടായിരിക്കണം. ഇതുകൂടാതെ ഡ്രൈവർക്ക് ഹെവി വാഹനങ്ങൾ ഓടിച്ചിട്ടുള്ള 5 വർഷത്തിൽ കുറയാത്ത അനുഭവ പരിജ്ഞാനം ഉണ്ടാകണം.<br>2. സ്കൂൾ ബസ് ഓടിക്കുന്ന ഡ്രൈവർ അശ്രദ്ധമായ ഡ്രൈവിംഗ്, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത, അപകടകരമായ രീതിയിൽ വാഹനം ഓടിക്കൽ തുടങ്ങിയ കുറ്റങ്ങളുടെ പേരിൽ ശിക്ഷിക്കപ്പെട്ട വ്യക്തി ആവരുത്.<br>3. സ്കൂൾ ബസുകളിൽ സ്പീഡ് |

ഗവർണ്ണർ നിർബന്ധമായും ഘടിപ്പി ച്ചിരിക്കണം.

4. സ്കൂൾ വാഹനത്തിൽ കുട്ടികളെ കയറ്റുന്നതിനും, കൊണ്ട് പോകുന്ന തിനും, ഇറക്കുന്നതിനും ഓരോ കവാടത്തിലും ഒരു അറ്റൻഡർ ഉണ്ടായിരിക്കേണ്ടതാണ്.

വാഹനത്തിൽ കയറുന്നതിനും, ഇറങ്ങു ന്നതിനും, കുട്ടികളെസുരക്ഷിതമായി റോഡ് മുറിച്ച് കടക്കുന്നതിനും ഈ അറ്റൻഡർ സഹായിക്കേണ്ടതാണ്.

5. 1989 ലെ കേരള മോട്ടോർ വാഹനചട്ടം 221 ന് അനുസൃതമായി വാഹനങ്ങളിൽ കുട്ടികളുടെ എണ്ണം നിജപ്പെടുത്തണം.

6. സ്കൂൾ ബസുകളിൽ ഓരോ കവാടത്തിനും വാതിൽ പാളി ഉണ്ടായിരിക്കണം.

7. സ്കൂൾ ബസുകളിലെ ജീവനക്കാരുടെ സ്വഭാവവും, അവർ നൽകുന്ന സേവനങ്ങളും സ്കൂൾ അധികൃതർ/പി.റ്റി.എ അധികൃതർ സർപ്രൈസ് ചെക്കിംഗിലൂടെ വിലയിരുത്തേണ്ടതാണ്.

ഇതിന് പുറമെ വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന മറ്റ് വാഹനങ്ങളിൽ വാഹനത്തിന്റെ തരംതിരിവനുസരിച്ച് മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന ക്രമീകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

| | |
|---|---|
| ബി) അദ്ധ്യയനവർഷം ആരംഭിച്ച തിനുശേഷം വിദ്യാർത്ഥികളേയും കൊണ്ടുപോകുന്ന വാഹനങ്ങൾ അപകടത്തിൽപ്പെട്ടതായി സർക്കാ രിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര അപകടങ്ങൾ റിപ്പോർട്ട് ചെയ്തു എന്ന് അറിയിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അദ്ധ്യയനവർഷം ആരംഭിച്ചതിനു ശേഷം 8 വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) സ്കൂൾ വാനുകൾ ഓടിക്കുന്നവർക്ക് | സി) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി |

| | | |
|---|---|---|
| | ഡ്രൈവിംഗ് ജോലിയിൽ ഒരു നിശ്ചിത വർഷത്തെ പരിചയം വേണമെന്നുണ്ടോ; എങ്കിൽ എത്ര വർഷമാണെന്ന് വ്യക്തമാക്കുമോ; | നൽകിയ നിർദ്ദേശമനുസരിച്ച് സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നവർക്ക് ഡ്രൈവിംഗിൽ 10 വർഷത്തിൽ കുറയാത്തതും, ഹെവി വാഹനങ്ങൾ ഓടിച്ചുള്ള 5 വർഷത്തിൽ കുറയാത്തതുമായ അനുഭവ പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതാണ്. |
| ഡി) | ഇതു പാലിക്കാതെ സ്കൂൾ വാനുകൾ ഓടിക്കുന്ന ഡ്രൈവർമാർക്കെതിരെ കർശന നടപടി സ്വീകരിച്ചാൽ അപകടം ഒരു പരിധിവരെ തടയാൻ കഴിയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വേണ്ടത്ര പ്രവൃത്തി പരിചയം ഇല്ലാത്ത ഡ്രൈവർമാർ സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നത് അപകടങ്ങൾക്ക് സാധ്യതയുള്ളതിനാലാണ് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി മേൽ ഡ്രൈവർമാർക്ക് നിശ്ചിത വർഷം പ്രവൃത്തി പരിചയം നിഷ്കർഷിച്ചിട്ടുള്ളത്. ചില സ്ഥാപനങ്ങളിലെ ഡ്രൈവർമാർ ഈ യോഗ്യത ഇല്ലാതെ വാഹനങ്ങൾ ഓടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഇത് പരിശോധിച്ച് നടപടി എടുക്കാൻ എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) | എങ്കിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | ഇ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനപ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിൽ വരുത്താൻ വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അത് പ്രകാരം വാഹനങ്ങൾ പരിശോധിക്കുന്ന സമയത്ത് പ്രസ്തുത വാഹനങ്ങളുടെ ഡ്രൈവർമാർക്ക് നിർദ്ദേശങ്ങൾക്കനുസൃതമായി യോഗ്യത ഉണ്ടോ എന്ന് പരിശോധിക്കുന്നതും യോഗ്യതയില്ലാതെ ഡ്രൈവറെ നിയോഗിക്കുന്ന സ്കൂൾ അധികൃതർക്കെതിരെ നടപടി എടുക്കുന്നതുമായിരിക്കും. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ .89

29.06.2011.ൽ മറുപടിയ്ക്ക്

ജലസേചന പദ്ധതികളിലും ജലവിതരണ ശൃംഖലയിലും മാറ്റം വരുത്തുന്നതു സംബന്ധിച്ച്.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ.ഷംസുദ്ദീൻ.<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ. പി .ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കാർഷിക ഭൂവിനിയോഗത്തിൽ രണ്ട് പതിറ്റാണ്ടിനിടെയുണ്ടായ മാറ്റങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ ജലസേചന നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം അടുത്ത കാലത്തുണ്ടായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | എ) കാർഷിക ഭൂവിനിയോഗത്തിൽ രണ്ട് പതിറ്റാണ്ടിനിടെയുണ്ടായ മാറ്റങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ ജലസേചന നയത്തിൽ മാറ്റം വരുത്താൻ തല്ക്കാലം ഉദ്ദേശിക്കുന്നില്ല. ഇക്കാര്യത്തിൽ പഠനമൊന്നും അടുത്ത കാലത്ത് നടത്തിയിട്ടില്ല. |
| ബി) കാർഷിക ഭൂമിയുടെ വിനിയോഗത്തിലും, വിളകളുടെ കൃഷി രീതിയിലും വന്നിട്ടുള്ള മാറ്റങ്ങൾ കണക്കിലെടുത്ത് ജലസേചന പദ്ധതികളിലും ജലവിതരണ ശൃംഖലകളിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് സാങ്കേതിക പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) ഇല്ല. |
| സി) മേജർ ജലസേചന പദ്ധതികൾ ഏതെങ്കിലും പൂർത്തിയാകാതെ അവശേഷിക്കുന്നുണ്ടോ; എങ്കിൽ സമയബന്ധിതമായി | സി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിലുള്ള പഴശ്ശി ജലസേചന പദ്ധതി ഭാഗികമായി |

| | | | |
|---|---|---|---|
| | പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; | | മാത്രമേ കമ്മീഷൻ ചെയ്തിട്ടുള്ളു. പഴശ്ശി പദ്ധതി പുനരുദ്ധരിക്കാനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു. കുരിയാർകുറ്റി - കാരപ്പാറ പദ്ധതി മുടങ്ങി കിടക്കുകയാണ്. കുരിയാർകുറ്റി - കാരപ്പാറ പദ്ധതി പുനരാരംഭിക്കുന്നതിനായിട്ടുള്ള സാധ്യതാപഠനം നടത്തുവാൻ വേണ്ടി കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>ഇടമലയാർ ജലസേചന പദ്ധതിയും മൂവാറ്റുപുഴ ജലസേചന പദ്ധതിയും പൂർത്തിയായിട്ടില്ല. സമയബന്ധിതമായി പൂർത്തിയാക്കൽ നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | പുതിയ മേജർ പദ്ധതികളേതെങ്കിലും പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | ഡി) | പുതിയ പദ്ധതികൾ ഒന്നും പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.90 | 29 -06 -2011 - ൽ മറുപടിയ്ക്ക് |
|---|---|

## സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി :<br>ശ്രീ. വി.എസ്.സുനിൽകുമാർ:<br>ശ്രീ. കെ. രാജു :<br>ശ്രീ. ജി.എസ്.ജയലാൽ: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സാമൂഹികാരോഗ്യ കേന്ദ്രങ്ങളുണ്ട്. ഇൻഡ്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡ് പ്രകാരം ഇവ ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോ ; | (എ) | ആകെ 237 സാമൂഹികാരോഗ്യ കേന്ദ്രങ്ങളുണ്ട്. IPHS നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുള്ള നടപടികൾ ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു; |
| (ബി) | ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ ദേശീയ പൊതുജനാരോഗ്യ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 110 സാമൂഹിക ആരോഗ്യ . കേന്ദ്രങ്ങളാണ് ആദ്യഘട്ടമായി ഏറ്റെടുത്തിരിക്കുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഓരോ ആരോഗ്യ കേന്ദ്രത്തിനും ആവശ്യം വേണ്ട മെഡിക്കൽ ഉപകരണങ്ങളും, ഫർണിച്ചറുകളും ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിപ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പദവി ഉയർത്തിയ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലേക്ക് 26.02.2011 ലെ സ.ഉ(കൈ)129/2011/ആ.കു.വ ഉത്തരവു പ്രകാരം 202 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | മുഴുവൻ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ ഇനി എത്ര കാലം കൂടി വേണ്ടി വരുമെന്ന് വെളിപ്പെടുത്താമോ ; | (സി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. എന്നാൽ കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സി.എച്ച്.സി.കൾ ആയി പ്രഖ്യാപിച്ച സ്ഥാപനങ്ങൾ അപ്രകാരം ഉയർത്താൻ കഴിയുകയില്ല. |

| | | | |
|---|---|---|---|
| (ഡി) | ഈ കേന്ദ്രങ്ങളിൽ സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരെ നിയമിക്കുവാൻ സാദ്ധ്യതയുണ്ടോ ? | (ഡി) | 26.02.2011 ലെ സ.ഉ.(കൈ)129/2011/ ആ.കു.വ ഉത്തരവു പ്രകാരം പദവി ഉയർത്തിയ സാമൂഹികാ രോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ചില ആരോഗ്യ സ്ഥാപനങ്ങളിൽ ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യാ, ഓർത്തോ സ്പെഷ്യലിസ്റ്റുവിഭാഗം ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്രമാനദണ്ഡങ്ങൾക്കനുസൃതമായി പദവി ഉയർത്തപ്പെട്ട എല്ലാ സി.എച്ച്.സി.കളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ധനകാര്യ വകുപ്പിന്റെ അനുവാദത്തോടെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായ രീതിയിൽ പോസ്റ്റുകൾ നികത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. അനുവദിച്ച പോസ്റ്റുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| ജില്ല | സ്ഥാപനത്തിന്റെ പേര് | അനുവദിച്ച തസ്തികകൾ |
|---|---|---|
| തിരുവനന്തപുരം | സി.എച്ച്.സി.പാലോട് | സ്പെഷ്യാലിറ്റി വിഭാഗം<br>ഗൈനക് - 1 |
| | സി.എച്ച്.സി.ആര്യനാട് | സ്റ്റാഫ് നേഴ്സ് - 1<br>അസിസ്റ്റന്റ് സർജൻ - 2 |
| | സി.എച്ച്.സി. വെള്ളറട | സ്റ്റാഫ് നേഴ്സ് - 1 |
| എറണാകുളം | സി.എച്ച്.സി. പിറവം | അസിസ്റ്റന്റ് സർജൻ - 1<br>പീഡിയാട്രിക്സ്<br>(സ്പെഷ്യാലിറ്റി) - 1 |
| പാലക്കാട് | സി.എച്ച്.സി. കുഴൽമന്ദം | സ്റ്റാഫ് നേഴ്സ് - 3<br>അനസ്തേഷ്യ - 1<br>ഗൈനക്കോളജി - 2<br>പീഡിയാട്രിക്സ് - 1 |
| മലപ്പുറം | സി.എച്ച്.സി. എടപ്പാൾ | സ്റ്റാഫ് നേഴ്സ് - 1<br>അസിസ്റ്റന്റ് സർജൻ - 1 |
| | സി.എച്ച്.സി. കൊണ്ടോട്ടി | സിവിൽ സർജൻ - 1<br>അസിസ്റ്റന്റ് സർജൻ - 2 |
| കോഴിക്കോട് | സി.എച്ച്.സി. വളയം | സ്റ്റാഫ് നേഴ്സ് - 2<br>അസിസ്റ്റന്റ് സർജൻ - 2<br>ഗൈനക്കോളജി - 1<br>(സ്പെഷ്യാലിറ്റി) |
| വയനാട് | സി.എച്ച്.സി. മീനങ്ങാടി | സ്റ്റാഫ് നേഴ്സ് - 5<br>ഗൈനക്കോളജി - 1<br>പീഡിയാട്രിക്സ് - 1 |
| കണ്ണൂർ | സി.എച്ച്.സി. ഇരിക്കൂർ | അസിസ്റ്റന്റ് സർജൻ - 2<br>ഗൈനക്കോളജി-1<br>(സ്പെഷ്യാലിറ്റി)<br>പീഡിയാട്രിക്സ് - 1<br>(സ്പെഷ്യാലിറ്റി) |
| | സി.എച്ച്.സി. മട്ടന്നൂർ | സ്റ്റാഫ് നേഴ്സ് - 1<br>ലാബ് ടെക്നീഷ്യൻ - 1<br>സിവിൽ സർജൻ - 1<br>അസിസ്റ്റന്റ് സർജൻ - 3<br>ഗൈനക്കോളജി - 1<br>പീഡിയാട്രിക്സ് - 1<br>ഓർത്തോ - 1 |
| | സി.എച്ച്.സി. ഇരിവേരി | അസിസ്റ്റന്റ് സർജൻ - 2 |
| | സി.എച്ച്.സി. പിണറായി | അസിസ്റ്റന്റ് സർജൻ - 2 |
| | സി.എച്ച്.സി. മയ്യിൽ | ഗൈനക്കോളജി - 1<br>(സ്പെഷ്യാലിറ്റി)<br>പീഡിയാട്രിക്സ് - 1<br>(സ്പെഷ്യാലിറ്റി) |
| കാസർഗോഡ് | സി.എച്ച്.സി.ബദിയടുക്ക | സ്റ്റാഫ് നേഴ്സ് - 1<br>ലാബ് ടെക്നീഷ്യൻ - 1<br>സിവിൽ സർജൻ - 1<br>അസിസ്റ്റന്റ് സർജൻ - 2 |
| | സി.എച്ച്.സി. പെരുവത്തൂർ | ലാബ് ടെക്നീഷ്യൻ - 1<br>സിവിൽ സർജൻ - 1<br>അസിസ്റ്റന്റ് സർജൻ - 1 |
| | സി.എച്ച്.സി. പനത്തടി | സിവിൽ സർജൻ - 1<br>അസിസ്റ്റന്റ് സർജൻ - 2 |
| | സി.എച്ച്.സി. പെരിയ | ലാബ് ടെക്നീഷ്യൻ 1<br>അസിസ്റ്റന്റ് സർജൻ - 2 |

സെക്ഷൻ ഓഫീസർ